


# അൽഹഖ്

പുസ്തകം 19 ലക്കം 2 ഏപ്രിൽ 2011 ശഹാദത്ത് 1390 റ.ആഖർ-ജ.അവ്വൽ 1432

## അഹ്മദീ ഭവനങ്ങളിൽ നിന്ന് തിലാവത്തിന്റെ ശബ്ദം ഉയരണം



**ഹദ്റത് ഖലീഫത്തുൽ മസീഹ് V**

എല്ലാ ദിവസവും സുബ്ഹി നമസ്കാരത്തിനുശേഷം ഓരോ അഹ്മദി ഭവനത്തിൽ നിന്നും തിലാവത്തിന്റെ ശബ്ദം ഉയരണം. അല്ലാഹു വിശുദ്ധ ഖുർആനിൽ, തിലാവത്ത് ചെയ്യാൻ ആജ്ഞാപിച്ചിരിക്കുന്നു. അതിന് ഏറ്റവും അനുയോജ്യമായ സമയവും പറഞ്ഞു തന്നിരിക്കുന്നു. മാത്രമല്ല, എങ്ങനെ തിലാവത്ത് ചെയ്യണമെന്നും അതിന്റെ മാർഗവും വ്യക്തമാക്കിയിട്ടുണ്ട്.

അല്ലാഹു പറയുന്നു: ഇന്ന ഖുർആനൽ ഫജ്രി കാന മശ്ഹൂദാ (17:79) അതായത്, തീർച്ചയായും ഫജ്ർ സമയത്ത് ഖുർആൻ പാരായണം ചെയ്യുന്നത് സാക്ഷ്യം വഹിക്കപ്പെടുന്നു. വീണ്ടും പറയുന്നു, റത്തിലിൽ ഖുർആന തർത്തീലാ (73:5) അതായത് വിശുദ്ധ ഖുർആൻ ഏറ്റവും നല്ല രീതിയിൽ പാരായണം ചെയ്യുക. ഹദീസുകളിലും കൂടെക്കൂടെ വിശുദ്ധ ഖുർആന്റെ പ്രാധാന്യവും അനുഗ്രഹവും വിവരിച്ചിട്ടുണ്ട്.

.......എല്ലാവരും തങ്ങളുടെ വീടുകളിൽ ഖുർആൻ പാരായണം ചെയ്യുന്നത് പതിവാക്കുക. സ്വയം അതിന് തയ്യാറാവുകയും തങ്ങളുടെ മക്കളെ അതിനു വേണ്ടി കൂടെക്കൂടെ ഉപദേശിക്കുകയും ചെയ്യുക. വീട്ടിൽ എല്ലാവരും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന് നിരീക്ഷിക്കുകയും വേണം. പാരായണം ചെയ്യാത്തവരെ സ്നേഹപൂർവം കൂടെക്കൂടെ മനസിലാക്കിക്കൊടുക്കുക. ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുക. ഇതുമുഖേന നിങ്ങൾക്കും നന്മകളിൽ അഭിവൃദ്ധി നേടാനും, ആത്മസംസ്കരണത്തിനും സൗഭാഗ്യം ലഭിക്കുന്നതാണ്. മാത്രമല്ല, മക്കൾക്കും നല്ല ശിക്ഷണം നൽകാൻ കഴിയും. മുഅ്മിനീങ്ങളുടെ കർത്തവ്യം നന്മകളിൽ നൈരന്തര്യം ഉണ്ടാക്കുകയാണ്. ഒരിക്കൽ ഒരു നന്മ ആരംഭിച്ചാൽ അത് എത്ര തന്നെ ചെറുതാണെങ്കിലും അതിൽ ഒരിക്കലും ഉപേക്ഷ വരുത്തരുത്. അതിന്റെ ശൃംഖല മുറിയാൻ അനുവദിക്കുകയുമരുത്.

വിശുദ്ധ ഖുർആൻ പാരായണം ഏറെ അനുഗൃഹീതവും ഫലദായകവുമായ കർമമാണ്. അതിലൂടെ ഇൻശാ അല്ലാഹ് നിങ്ങളുടെ വരും തലമുറകൾ സുരക്ഷിതമാക്കപ്പെടുന്നതാണ്......

ഓർക്കുക, വിശുദ്ധ ഖുർആൻ ഹൃദയങ്ങളിലെ അഴുക്കുകളെ അകറ്റുന്ന ജലമാണ്. അതിലൂടെ എല്ലാ സംശയങ്ങളും ദുരീകരിക്കപ്പെടുന്നു. യഥാർഥ പ്രേമിയെ കാണാനും സാധിക്കുന്നു.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു:

മനുഷ്യന്റെ മോക്ഷത്തിനും, നിത്യ സുഖത്തിനും നിദാനമായ ദൈവപ്രാപ്തി വിശുദ്ധ ഖുർആനെ അനുധാവനം ചെയ്യാതെ ലഭിക്കുകയില്ല. ജനങ്ങൾ ഞാൻ കണ്ടിട്ടുള്ളത് കാണുകയും, ഞാൻ കേട്ടത് കേൾക്കുകയും, കഥകളെ ഉപേക്ഷിച്ച് യാഥാർഥ്യത്തിലേക്ക് ഓടിവരുകയും ചെയ്തെങ്കിൽ!

ഉറപ്പായും അറിഞ്ഞുകൊള്ളുക, നമുക്ക് കണ്ണുകൾ കൂടാതെ കാണാനോ, കാതുകളില്ലാതെ കേൾക്കാനോ, നാവുകൂടാതെ സംസാരിക്കാനോ സാധ്യമല്ല. അതുപോലെ തന്നെ വിശുദ്ധ ഖുർആൻ കൂടാതെ നമുക്ക് ആ പ്രേമഭാജനത്തിന്റെ മുഖം ദർശിക്കാൻ സാധ്യമല്ല. ഞാൻ യുവാവായിരുന്നു. ഇപ്പോൾ ഞാൻ വാർദ്ധക്യത്തിലെത്തിയിരിക്കുന്നു. പക്ഷേ, ഈ പരിശുദ്ധ ഉറവയിൽ നിന്നല്ലാതെ, തെളിമയാർന്ന ആത്മവിജ്ഞാനത്തിന്റെ പിയൂഷം പാനം ചെയ്തവരെ എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല.

(ഇസ്‌ലാമി ഉസൂൽ കി ഫിലാസഫി, റൂഹാനി ഖസായിൻ ഭാഗം:10, പേജ്:442,443)

ആയതിനാൽ ഞാൻ നിങ്ങൾക്ക് ഇന്ന് നൽകുന്ന സന്ദേശം നിങ്ങൾ ഓരോരുത്തരും സ്വയം കണക്കെടുക്കുക. നേരത്തെ തിലാവത്ത് ചെയ്യാൻ സൗഭാഗ്യം കിട്ടിയിരുന്നവർ അതിൽ കൂടുതൽ കൃത്യനിഷ്ഠയുള്ളവരാവുക. എന്തെങ്കിലും കാരണവശാൽ ഇക്കാര്യത്തിൽ അലസത ഉള്ളവരാണെങ്കിൽ അതിൽ ശ്രദ്ധാകുലരാവുക. തങ്ങളുടെ മക്കൾക്കും, വീട്ടിലെ എല്ലാ അംഗങ്ങൾക്കും തിലാവത്ത് ശീലമുണ്ടാക്കുക. ഇത് എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു വെച്ചാൽ, നമ്മുടെ എല്ലാവരും അവരുടെ പ്രതിജ്ഞ മനസിലാക്കുകയും, ഹൃദയാത്മനാ അത് പ്രവർത്തി പഥത്തിൽ കൊണ്ടുവരാൻ ഉറച്ച തീരുമാനമെടുക്കുകയും ചെയ്താൽ, നമ്മുടെ വരും തലമുറകളുടെ ആത്മീയജീവിതത്തിന്റെ നിലനിൽപ്പിനുള്ള ജാമ്യമാണ് നമുക്ക് ലഭിക്കുന്നതെന്ന് അറിഞ്ഞുകൊള്ളുക.....

(2009-ലെ മജ്. അൻസാറുല്ലാഹ് അഖിലേന്ത്യാ ഇജ്തിമാഅ്ക്ക് അയച്ച സന്ദേശത്തിൽ നിന്ന്. വിവ: സഗീർ എച്ചെസ്)

"അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു, 'അൽ ഖയ്റു കുല്ലുഹൂ ഫിൽ ഖുർആൻ' അതായത് എല്ലാ നന്മകളും ഖുർആനിൽ ഉണ്ട്. ഇതാണ് സത്യമായ കാര്യവും............ ഇത് ഏറെ പ്രിയംകരമായ അനുഗ്രഹമാണ്. ഇത് വലിയ നിധിയാണ്. വിശുദ്ധ ഖുർആൻ വന്നില്ലായിരുന്നുവെങ്കിൽ ഈ ലോകം ഒരു വൃത്തികെട്ട മാംസപിണ്ഡം പോലെയായിരുന്നേനെ. വിശുദ്ധ ഖുർആനാകുന്ന ഗ്രന്ഥത്തിനു മുന്നിൽ സർവവിധ വഴികളും അഗണ്യമാകുന്നു."

(കിശ്തിനൂഹ്, റൂഹാനിഖസായിൻ ഭാഗം:14, പേജ്:27)

**ഹദ്റത്ത് അഹ്മദ്(അ)**


2. ഇമാമുസമാന്റെ ഫത്‌വകൾ

3. തഫ്സീർ

4. യുഗനാദം

6. ദഅ്‌വത്തെ ഇലല്ലാഹ്

7. നബിവചനങ്ങളിലൂടെ

9. നമുക്ക് താരതമ്യം ചെയ്യാം

10. വിജ്ഞാനവേദി

11. കുരിശേന്തിയ വ്യാഖ്യാനം

12. ആരോഗ്യം

13.14.15. വാർത്തകൾ

16. ശാസ്ത്ര നിരീക്ഷണം

## ഇമാമുസമാന്റെ ഫത്‌വകൾ



**റുകൂഇലും സുജൂദിലും ഖുർആനിക ദുഃആകൾ ചൊല്ലുന്നത് സംബന്ധിച്ച് ചോദിച്ചപ്പോൾ ഹുസൂർ (അ) പറഞ്ഞു:**

സുജൂദിലും റുകൂഇലും ഏറെ വിനയത്തിന്റെ അവസ്ഥയാണ്. ദൈവിക വചനങ്ങൾ പ്രതാപമർഹിക്കുന്നു. മാത്രമല്ല തിരുനബി (സ) റുകൂഇലും സുജൂദിലും ഖുർആനിക ദുഃആകൾ ചൊല്ലിയിരുന്നതായി ഹദീസുകളിൽ നിന്നൊന്നും തെളിയുന്നില്ല.

**ഖുർആൻ പാരായണം**

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക........

വിശുദ്ധ ഖുർആൻ തർജുമയും പഠിക്കുക....

വിശുദ്ധ ഖുർആനെ ഒരു സാധാരണ ഗ്രന്ഥമെന്ന് കരുതി വായിക്കരുത്. മറിച്ച് അതിനെ ദൈവിക വചനമാണെന്ന് മനസിലാക്കി പാരായണം ചെയ്യുക.

**മയ്യത്തും തിലാവത്തും**

മരിച്ചുപോയ ആൾക്ക് വേണ്ടി ചെയ്യുന്ന സ്വദ്ഖയ്റാത്തുകളുടെ (പ്രതിഫലം) എത്തുന്നതാണ്. പക്ഷേ വിശുദ്ധഖുർആൻ പാരായണം എത്തുന്നതല്ല, ഇത് നബി(സ)യും സ്വഹാബാക്കളും ചെയ്തതായി തെളിയുന്നുമില്ല. അതിന് പകരം മയ്യത്തിനു വേണ്ടി ദുഃആ ചെയ്യുക. ഒരു ലക്ഷത്തി ഇരിപത്തി നാലായിരം പ്രവാചകന്മാരുടെ സുന്നത്തിൽമയ്യത്തിന്റെ നന്മക്കു വേണ്ടി സദ്ഖ കൊടുക്കുന്നതും ദുഃആ ചെയ്യുന്നതും ഉണ്ട്. എന്നാൽ ഏറ്റവും നല്ല സ്വദ്ഖ സ്വന്തം കൈകൊണ്ട് ചെയ്യുന്നതാണ്. കാരണം അങ്ങിനെ അയാൾ തന്റെ വിശ്വാസത്തെ മുദ്രിതമാക്കുകയാണ് ചെയ്യുന്നത്.

**ഖുർആൻ താളുകൾ**

പഴയതും മുഷിഞ്ഞതുമായ ഖുർആൻ താളുകൾ, അനാദരിക്കപ്പെടാതിരിക്കാൻ കത്തിക്കാമോ എന്ന് ചോദിച്ചപ്പോൾ ഹുസൂർ(അ) പറഞ്ഞു:

അനുവദനീയമാണ്. ഹദ്റത് ഉസ്മാൻ(റ)ഉം ചില താളുകൾ കത്തിച്ചിരുന്നു. ഇതൊക്കെ നിയ്യത്തിൽ അധിഷ്ടിതമാണ്.

# കർമശാസ്ത്രം

## തിലാവത്ത് വേളയിലെ സുജൂദ്

താഴെ കൊടുത്തിരിക്കുന്ന പതിനാലു ഖുർആനിക വചനങ്ങളിൽ ഏതെങ്കിലുമൊന്ന് പാരായണം ചെയ്യുകയോ അത് ശ്രവിക്കുകയോ, ചെയ്യുന്ന അവസരങ്ങളിൽ, നിൽക്കുകയോ ഇരിക്കുകയോ ആണെങ്കിലും ഉടനെ സാഷ്ടാഗപ്രണാമം ചെയ്യേണ്ടതാണ്. ഇപ്രകാരം സുജൂദ് ചെയ്യുന്നതിനെ സജദയെ തിലാവത്ത് എന്നു പറയുന്നു. ഈ സുജൂദ് എത്രയും പെട്ടെന്ന് അനുഷ്ഠിക്കുന്നത് ഉത്തമമാകുന്നു. അതിന് അനിവാര്യമായും വുളു ഉണ്ടായിരിക്കണമെന്നില്ല.

പ്രസ്തുത സുജൂദിൽ സുന്നത്തായ തസ്ബീഹുകൾക്ക് പുറമെ, ഈ പ്രാർത്ഥന ചൊല്ലേണ്ടതാണെന്ന് ഹദീസുകളിൽ നിന്നും സ്ഥാപിതമാവുന്നു.

*സജദ വജ്ഹിയലില്ലദീ ഘലഖഹൂ വ ശഖ്വ സംഅഹൂ വ ബസറഹൂ ബി ഹൗലിഹീ വ ഖുവ്വത്തിഹീ*

എന്റെ മുഖം സൃഷ്ടിക്കുകയും തന്റെ പ്രത്യേക ശക്തികൊണ്ട് അതിന് കേൾക്കുകയും കാണുകയും ചെയ്യുന്നതിനുള്ള ശക്തി നല്കുകയും ചെയ്തവന്റെ തിരുമുമ്പിൽ എന്റെ മുഖം പ്രണമിക്കുന്നു.

കൂടാതെ *സജദലക്ക റൂഹീ വ ജനാനീ* എന്ന പ്രാർത്ഥനയോ, അല്ലെങ്കിൽ *അല്ലാഹുമ്മ സജദലക്ക സവാദീ വ ആമനബിക്ക ഫുആദി* എന്ന പ്രാർത്ഥനയോ ചൊല്ലാവുന്നതാണ്. ഇമാമുസ്സലാത്ത് നമസ്ക്കാരവേളയിലോ നമസ്കാരശേഷമോ ആണ് സജദയെ തിലാവത്ത് നിർവ്വഹിക്കുന്നതെങ്കിൽ മുഖ്തദികളും അപ്രകാരം ചെയ്യേണ്ടതാണ്. സജദ ചെയ്യേണ്ട ഖുർആനിക വചനങ്ങൾ:

| | |
|---|---|
| 1. അഅ്റാഫ് – 207 | 2. റഅ്ദ് – 16 |
| 3. നഹൽ – 51 | 4. ബനീഇസ്റാഈൽ–110 |
| 5. മർയം – 59 | 6. ഹജ്ജ് – 19 |
| 7. അൽഫുർഖാൻ–28 | 8. നമൽ – 28 |
| 9. അസ്സജദ – 16 | 10. സ്വാദ് – 25 |
| 11. ഹാമീം സജദ – 39 | 12. അന്നജ്മ – 63 |
| 13. ഇൻശിഖാഖ് – 22 | 14. അൽ അലഖ് – 20 |

ചിലരുടെ വീക്ഷണത്തിൽ സൂറാ ഹജ്ജിൽ രണ്ട് സജദയുടെ വചനങ്ങളുണ്ട്. രണ്ടാമത്തേത് – 78–ാം വചനമാണ്. നമസ്കാരവേളയിൽ തിലാവത്തിന്റെ സുജൂദ് ചെയ്യേണ്ടരീതി ഇപ്രകാരമാണ്. സജദയുടെ ഏതു വചനം ഓതിക്കഴിഞ്ഞതിനെത്തുടർന്നും അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ട് സാഷ്ടാഗം പ്രണമിക്കേണ്ടതാണ്. മൂന്ന് പ്രാവശ്യം സുബ്ഹാന റബ്ബിയൽ അഅ്ലാ എന്ന് ചൊല്ലിയതിനെത്തുടർന്ന് മേലുദ്ധരിച്ച ഏതെങ്കിലും സുന്നത്തായ ദുആകൾ ചൊല്ലുക. അനന്തരം അല്ലാഹു അക്ബർ ചൊല്ലികൊണ്ട് സജദയിൽ നിന്നും എഴുന്നേൽക്കേണ്ടതാണ്. നമസ്കാരത്തിൽ സജദയുടെ സൂക്തം വരികയാണെങ്കിൽ, പ്രസ്തുത വചനം ഓതുമ്പോൾതന്നെ സുജൂദ് ചെയ്യേണ്ടതാണ്. എന്നാൽ ആയത്ത് ഓതിക്കഴിഞ്ഞ ഉടനെ റുകൂഇലേക്ക് പോകാനും അനുവാദമുണ്ട്. അങ്ങനെ വരുമ്പോൾ പ്രസ്തുത റുകൂഅ്, തിലാവത്തിന്റെ സുജൂദിന് പകരമായിത്തീരും. ഒരേ അവസരത്തിൽ, അഥവാ ഒരു മജ്ലിസിൽ സജദയുടെ ഒരു വചനം പല പ്രാവശ്യം ആവർത്തിക്കപ്പെടുകയോ, സജദയുടെ വിവിധ വചനങ്ങൾ ഓതപ്പെടുകയോ ആണെങ്കിൽ എല്ലാറ്റിനുമായി ഒരു തവണ സുജൂദ് ചെയ് താൽ മതിയാവുന്നതാണ്. എന്നാൽ ഓരോ വചനത്തിന്റേയും പാരായണശേഷം സ്ഥലം മാറികൊണ്ടിരിക്കുകയോ വിവിധഘട്ടങ്ങളിൽ ഇടവേളക്ക്ശേഷമോ ആണ് പ്രസ് തുത വചനം ഓതുന്നതെങ്കിൽ ഓരോ തിലാവത്തിനെത്തുടർന്നും പ്രത്യേകം സുജൂദും ചെയ്യേണ്ടതാണ്.

ചോദ്യം : സജദയെ തിലാവത്തിനെ സംബന്ധിച്ചുള്ള കല്പനയെന്താണ്?

ഉത്തരം : ഇമാം അബൂ ഹനീഫയുടെ പക്കൽ തിലാവത്തിന്റെ സുജൂദ് വാജിബാകുന്നു. മറ്റു ഇമാമീങ്ങളുടെ അഭിപ്രായത്തിൽ ഉദാഹരണത്തിന് ഇമാം ശാഫി (റഹ്), ഇമാം മാലിക്(റഹ്) എന്നിവരുടെ വീക്ഷണത്തിൽ ഇത് സുന്നത്താണ്.

(ഫിഖ്ഹ് അഹ്മദിയ്യാ ഭാ:1 വിവ: ടി.കെ. മഹ്മൂദ് കൽകുളം)

## ഖുർആൻ പഠിക്കേണ്ട രീതി



*ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)*

പഠിക്കുവാൻ ആഗ്രഹിക്കുകയാണെങ്കിൽ വിശുദ്ധഖുർആനേക്കാളും എളുപ്പവും സുഗമവുമായ ഗ്രന്ഥം ലോകത്ത് തന്നെ വേറെയില്ല. വിശുദ്ധ ഖുർആൻ പഠനത്തിനുള്ള ഏറ്റവും പ്രഥമവും പ്രധാനവുമായ നിബന്ധന തഖ്‌വയാണ്. അല്ലാഹു വാഗ്ദാനം ചെയ്തത്. അവൻ മുത്തഖിയെ ഖുർആൻ പഠിപ്പിക്കുന്നുവെന്നാണ്........

വിശുദ്ധഖുർആൻ പഠിക്കാനുള്ള രണ്ടാമത്തെ നിബന്ധന മുജാഹിദ അഥവാ കഠിന പ്രയത്നമാണ്. ഈ മുജാഹിദ അല്ലാഹുവിൽ ചേർന്നാണ് ചെയ്യേണ്ടത്. പിന്നെ ബുദ്ധിമുട്ടുകൾ എളുപ്പമുള്ളതാക്കുക എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

വിശുദ്ധ ഖുർആൻ പഠിക്കാനുള്ള രീതി, ഒരിക്കൽ ആദ്യം മുതൽ അവസാനം വരെ സ്വയം പാരായണം ചെയ്യുക. ഓരോ ആയത്തും തനിക്ക് വേണ്ടി ഇറക്കിയതാണെന്ന് മനസിലാക്കുക. ആദമിന്റേയും ഇബ്‌ലീസിന്റെയും പരാമർശം വരുമ്പോൾ തന്നോട് തന്നെ ചോദിക്കുക, താൻ ആദമാണോ ഇബ്‌ലീസാണോ എന്ന്.



അതുപോലെ വിശുദ്ധഖുർആൻ പഠിക്കുമ്പോൾ ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ നോട്ട് ചെയ്യുക. വിശുദ്ധഖുർആൻ ഒരു പ്രാവശ്യം മുഴുവനാക്കിയാൽ ഭാര്യയേയും വീട്ടുകാരേയും ദർസിൽ ഉൾപ്പെടുത്തി അവർക്ക് കേൾപ്പിക്കുക.

ഈ ഘട്ടത്തിൽ പ്രയാസമുള്ള ഒരുപാട് ഭാഗങ്ങൾ അല്ലാഹു ശരിയാക്കിത്തരുന്നതാണ്. വീണ്ടും പ്രയാസമുള്ള ഭാഗങ്ങൾ വന്നാൽ അതും നോട്ട് ചെയ്യുക.

മൂന്നാമത്തെ പ്രാവശ്യം സുഹൃത്തുക്കളേയും ഇതിൽ ഉൾപ്പെടുത്തുക. നാലാമത്തെ പ്രാവശ്യം അന്യർക്ക് മുന്നിലും കേൾപ്പിക്കുക.

ഇപ്രാവശ്യം അല്ലാഹു എല്ലാ ബുദ്ധിമുട്ടുകളും ഇല്ലാതാക്കുന്നതാണ്. ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ എളുപ്പമുള്ളതാവാൻ ദുഃആയും ചെയ്തുകൊണ്ടിരിക്കുക. (ഹയാതെനൂർ പേജ്–252)

## തഫ്സീർ



ذٰلِكَ الْكِتٰبُ لَا رَيْبَ ۚ فِيْهِ ۚ

**ഹദ്റത് മിർസാ നാസിർ അഹ്മദ് (റഹ്)**



വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു,ദാലിക്കൽ കിതാബു ലാ റയ്ബഫീഹി(1:3). അതായത് ഈ ഖുർആൻ ഒരു സമ്പൂർണ്ണവും പരിപൂർണ്ണവുമായ ന്യായപ്രമാണമാണ്. ഈ അവകാശ വാദത്തിനു തെളിവായി സമർപ്പിക്കുന്നത് ലാ റയ്ബ ഫീഹി എന്നാണ്

റയ്ബ എന്നതിന് ഇവിടെ അനുയോജ്യമായ നാല് അർത്ഥങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ ഖുർആൻ, ഈ ഗ്രന്ഥം സർവ്വവിധേനയും പരിപൂർണ്ണവും എല്ലാറ്റിന്റെയും പൂർണ്ണതയുമാണ് എന്നതു സ്ഥാപിക്കുന്നതിനായി നാല് തെളിവുകൾ നമ്മുടെ മുമ്പിൽ വിവരിച്ചിരിക്കുകയാണ്.

റയ്ബ എന്നതിന്റെ ഒരർത്ഥപ്രകാരം ഖുർആനെക്കുറിച്ച് അത് മനുഷ്യൻ ആത്മീയവും ഭൗതീകവും സാമൂഹികവും സ്വാഭാവികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചു നൽകുന്ന ഏക പരിപൂർണ്ണഗ്രന്ഥം ഇതു മാത്രമാണെന്നും മനുഷ്യപ്രകൃതത്തിന്റെ യഥാർത്ഥമായ എല്ലാ നേട്ടങ്ങളെയും പൂർത്തീകരിക്കുന്ന ഗ്രന്ഥം ഇതൊന്നുമാത്രമാണെന്നും നമുക്ക് ഗ്രഹിക്കാൻ കഴിയും.......... ഖുർആനിലെ തെളിവുകളും മേന്മകളും അനുപമമായ അദ്ധ്യാപനങ്ങളും, എല്ലാ പൂർവ്വ ഗ്രന്ഥങ്ങളേക്കാളും ഏറ്റവും മികച്ചതുമാണെന്ന് സ്ഥാപിക്കുവാൻ പര്യാപ്തമാണെന്ന് വിശുദ്ധഖുർആനെ കുറിച്ച് ഒരു പരിധിവരെയെങ്കിലും മനസ്സിലാക്കിയിട്ടുള്ള ആർക്കും ഗ്രഹിക്കാൻ സാധിക്കുന്നതാണ്.

ഹസ്രത്ത് മസീഹ് മൗഊദ്(അ) നോട് ബനീഇസ്റായീല്യരുടെ ഗ്രന്ഥങ്ങളെക്കുറിച്ച്, അവ ഉണ്ടായിരിക്കെ ഖുർആന്റെ ആവശ്യകത എന്താണ്? എന്ന് ചോദ്യത്തിന് അദ്ദേഹം പറഞ്ഞ മറുപടി ഇതാണ് - മുഴുവൻ ഖുർആനും എന്നു നിങ്ങൾ പറയരുത്, അത് വളരെ പ്രവിശാലമായ ഒരു ഗ്രന്ഥമാണ്. മഹാജ്ഞാനങ്ങൾ അടങ്ങിയിരിക്കുന്നതായി കാണാവുന്നതാണ്. അതിന്റെ ആരംഭത്തിൽ സൂറഃ ഫാത്തിഹയുണ്ട് സൂറഃഫാത്തിഹയിൽ വിവരിച്ചിട്ടുള്ള ജ്ഞാനങ്ങളും, സത്യാധിഷ്ഠിതരേഖകളും, ആ ജ്ഞാനങ്ങൾക്കും രേഖകൾക്കുമെതിരായി നിങ്ങളുടെ എല്ലാ ആത്മീയഗ്രന്ഥങ്ങളും ഉപയോഗിച്ചുകൊണ്ട് ജ്ഞാനങ്ങളും രേഖകളും എടുത്തു കാണിക്കുമെങ്കിൽ നിങ്ങളുടെ ഗ്രന്ഥങ്ങൾ വിശുദ്ധഖുർആനോട് കിടപിടിക്കുന്നതാണെന്ന് നാം മനസ്സിലാക്കുന്നതാണ്. ഈ വെല്ലുവിളിക്ക് ഒരു ദീർഘകാലം പിന്നിട്ടുകഴിഞ്ഞിരിക്കുന്നു. കത്തോലിക്കാവിഭാഗത്തിൽ അനേകം പോപ്പുമാർ ഒന്നിനുശേഷം മറ്റൊന്ന് ഉടലെടുക്കുകയും അവർക്ക് കത്തോലിക്കാ സഭയുടെ ഉന്നതശ്രേണി കരകതമാവുകയും ചെയ്തു. അതുപോലെ ക്രിസ്ത്യാനികളുടെ മറ്റു വിഭാഗങ്ങളുമുണ്ടായിരുന്നു.

അവയിൽ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ നേതാവും തങ്ങളുടെ ദൈവീകഗ്രന്ഥത്തിൽ നിന്നും സൂറഃഫാത്തിഹക്കെതിരായി ഇതുപോലുള്ള തെളിവുകൾ എടുത്തുകാണിക്കാൻ ധൈര്യം കാണിച്ചിട്ടില്ല. ഇതു സംബന്ധമായി ഹ: മസീഹ് മൗഊദ്(അ) പറഞ്ഞത്, ഈ ഒരൊറ്റ സൂറത്തിൽ നിന്നുതന്നെ നാം നിങ്ങളുടെ മുമ്പാകെ അതെടുത്തുക്കാണിക്കുന്നതാണ് എന്നതായിരുന്നു. ചുരുക്കത്തിൽ റയ്ബ് എന്നതിന്റെ മറ്റൊരർത്ഥം എന്നത്, സ്വന്തം കഴിവുകളോടും അനുപമമായ അദ്ധ്യാപനങ്ങളോടും കൂടി അതിന്റെ ആവശ്യകതയും സത്യതയും സ്ഥാപിക്കുവാൻ കഴിയുന്ന ഗ്രന്ഥം എന്നാണ്. .............

സൂറഃഫാത്തിഹയിലെ വിഷയങ്ങൾക്കെതിരായി തങ്ങളുടെ ദൈവീകഗ്രന്ഥങ്ങളിലെ വിഷയങ്ങൾ സമർപ്പിക്കാൻ അവർക്കു സാധ്യമല്ല എന്നു സ്ഥാപിതമാവുകയും കൂടി ചെയ്തു. അൽകിതാബ് പരിപൂർണ്ണഗ്രന്ഥമാണെന്നുള്ളതിലേക്ക് ലാ റയ്ബഫീഹി എന്നതിലൂടെ അല്ലാഹു നൽകുന്ന രണ്ടാമത്തെ തെളിവ്; ഖുർആനിക അദ്ധ്യാപനങ്ങൾ മനുഷ്യനെ ഊഹങ്ങളുടെയും അനുമാനങ്ങളുടെയും ഊഷരഭൂമിയിൽ നിന്നും എടുത്തുകൊണ്ടുപോയി വ്യക്തമായ ദൃഷ്ടാന്തങ്ങൾ മുഖേന ദൃഢജ്ഞാനത്തിന്റെ ഉയരങ്ങളിൽ എത്തിക്കുന്നു എന്നതും ഈ സവിശേഷ ഗുണം അതിൽ എന്നെന്നും നിലനിൽക്കുകയും ചെയ്യുന്നു എന്നുള്ളതുമാണ്. എന്തുകൊണ്ടെന്നാൽ അതിനെ സംരക്ഷിക്കുന്നത് അല്ലാഹുവാണ്. അല്ലാഹുവിന്റെ സംരക്ഷണത്തിലാണ് ഈ ഗ്രന്ഥം ഉള്ളത് എന്നതും റയ്ബ എന്നതിന്റെ അർത്ഥത്തിൽ അടങ്ങിയിരിക്കുന്ന ഒരു പൊരുളാണ്. ഒരു പരിപൂർണ ഗ്രന്ഥത്തിൽ ഉണ്ടായിരിക്കേണ്ട സന്മാർഗദർശനത്തിന് സത്യസാക്ഷ്യവും അതിൽ നിന്നും ഒരിക്കലും ഇത് വീട്ടുനിന്നിട്ടില്ല എന്നതും റയ്ബ എന്നതിന്റെ ഒരർത്ഥത്തിൽ ഉൾപ്പെടുന്നതാണ്. ഇതുസംബന്ധമായി ഹസ്രത്ത് മസീഹ് മൗഊദ്(അ) നിരവധി അവസരങ്ങളിൽ മറ്റു മതസ്ഥരെ ന്യായപൂർത്തിക്കായി വിളിച്ചിട്ടുണ്ട്. ഉദാഹരണത്തിന് - വിശുദ്ധഖുർആനിൽ നിന്ന് ദൈവാസ്തിക്യത്തെക്കുറിച്ച് എനിക്ക് എടുത്തുകാണിക്കാൻ സാധിക്കാത്ത സന്മാർഗത്തിലധിഷ്ഠിതവും യഥാർത്ഥവുമായ തെളിവുകൾ നിങ്ങൾ നിങ്ങളുടെ ഗ്രന്ഥങ്ങളിൽ നിന്നും എടുത്തുകാണിക്കുക. പക്ഷെ മറ്റൊരു ഗ്രന്ഥത്തിനും അതിൽ ഉണ്ടെന്ന് വാദിക്കാൻ തക്കതായ സത്യസാക്ഷ്യവും മറ്റുള്ള ഗ്രന്ഥങ്ങളിൽ കാണാൻ കഴിയാത്ത സത്യസാക്ഷ്യങ്ങളും ഖുർആനിൽ കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ ഗ്രന്ഥം ഒരു പരിപൂർണ്ണഗ്രന്ഥമാകുന്നു.

ലാറയ്ബഫീഹി എന്നതിന് നൽകുന്ന നാലാമത്തെ തെളിവ് നിങ്ങൾ ഇതിനനുസ്യതമായ പ്രവർത്തിക്കുകയാണെങ്കിൽ എല്ലാവിധ പ്രയാസങ്ങളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും നിങ്ങൾ സംരക്ഷിതരായിരിക്കുന്നതും പിന്നെ ലോകത്തിലെ സംഘടിത കുതന്ത്രങ്ങൾക്കോ മറ്റേതെങ്കിലും ശക്തിക്കോ ഏതെങ്കിലും പദ്ധതികൾക്കോ നിങ്ങൾക്ക് യാതൊരു നഷ്ടവും വരുത്താൻ സാധ്യമല്ല എന്നതാണ്. നഷ്ടം എന്ന് പറയുന്നത് ഏതെങ്കിലും ഒരു വസ്തു യഥാർത്ഥത്തിൽ പാഴായിപ്പോകുമ്പോഴാണ് ഉണ്ടാകുക. ആരുടെയെങ്കിലും അഞ്ചുരൂപ കാണാതെ പോയാൽ അയാളുടെ പിതാവ് നിന്റെ അഞ്ചുരൂപയ്ക്കു പകരമായി ഇതാ അഞ്ചുരൂപ ഞാൻ തരുന്നു . ഇനി നിനക്ക് അനുഭവിക്കേണ്ടിവന്ന മനോവിഷമത്തിന് ഇതാ പത്തുരൂപയും എന്ന് പറയുകയാണെങ്കിൽ അയാൾക്ക് അഞ്ച് രൂപയുടെ നഷ്ടം സംഭവിച്ചിരിക്കുകയാണ് എന്ന് ലോകത്ത് ബുദ്ധിയുള്ള ഒരാളും തന്നെ പറയുകയില്ല. മറിച്ച് അയാൾക്ക് അതിനു പകരമായി പതിനഞ്ചുരൂപ ലഭിച്ചിരിക്കുന്നു.

നിങ്ങൾ ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങൾക്ക് യാതൊരുവിധ നഷ്ടത്തിലോ പ്രയാസത്തിലോ അകപ്പെടുകയില്ല എന്ന വാദമാണ് അല്ലാഹു ഉന്നയിച്ചിരിക്കുന്നത്.

(ഖുത്ബാത്തെ നാസിർ വാള്യം-1 പേ: 649-651)

വിവ: കെ.നജ്മുദ്ദീൻ ,മുറിയക്കണ്ണി

---

## ഖാദിംകളോട്

**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**



## ഖുർആൻ തർജുമ പഠിക്കുക

വിശുദ്ധഖുർആന്റെ തർജുമയിലേക്ക് ശ്രദ്ധിക്കേണ്ടതും വിശുദ്ധഖുർആൻ അറിയാത്ത ഒരു വ്യക്തി പോലും നമ്മുടെ ജമാഅത്തിൽ ഉണ്ടാകാതിരിക്കുന്നതിന്നായി ശ്രമിക്കേണ്ടതുമാണ്. കബഡി മത്സരത്തിലും ഓട്ടമത്സരത്തിലും പരസ്പരം മുന്നേറുന്നതിന്നായി നാം ശ്രമിക്കുന്നു, എന്നാൽ വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളും അതിന്റെ അർത്ഥങ്ങളും മനസ്സിലാക്കുന്നതിൽ പരസ്പരം മുന്നേറാൻ ശ്രമിക്കുന്നില്ലെങ്കിൽ അത് എത്ര നിരാശാജനകമായിരിക്കും. റസൂൽ തിരുമേനി (സ) പറയുന്നു, ചില കാര്യങ്ങളിൽ അസൂയ അനുവദനീയമാകുന്നു. ദീനീ കാര്യങ്ങളിൽ, നന്മയുടേയും ദൈവഭക്തിയുടേയും കാര്യങ്ങളിൽ, സൽകർമങ്ങളനുഷ്ഠിക്കുന്ന കാര്യങ്ങളിൽ പരസ്പരം മുന്നേറുന്നതിന്നായി പരിശ്രമിക്കുക എന്നത് ആ അനുവദനീയമായ കാര്യങ്ങളിൽ പെട്ടതാകുന്നു. ഇത്തരത്തിലുള്ള മത്സരങ്ങളിൽ .... യുവാക്കൾ പരസ്പരം മുന്നേറാൻ ശ്രമിക്കുമെന്നും വിശുദ്ധ ഖുർആന്റെ മുഴുവൻ തർജുമയും അറിയുന്നവർ കൂടുതൽ കൂടുതലായി ഉണ്ടാകുന്നതിലേക്ക് ജമാഅത്തുകൾ ശ്രദ്ധിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

(മശ്അലെ രാഹ്, വാള്യം 1, പേജ് 337,338)

വിവ: ടി.എം.അബ്ദുൽ മുജീബ് മുബല്ലിഗ് സിൽസില

---

## ഏപ്രിൽ - 1-7
## ഖുർആൻ വാരം



ഇക്കൊല്ലം മുതൽ വർഷത്തിൽ രണ്ടുതവണ ഖുർആൻ വാരം നടത്തണമെന്ന് കേന്ദ്ര തഅ്ലീമുൽ ഖുർആൻ നാസിർ ജ. മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ ജമാഅത്തുകളിലേക്ക് അയച്ച സർക്കുലറിൽ നിർദ്ദേശിച്ചു. ഏപ്രിൽ ആദ്യവാരവും സെപ്തംബർ രണ്ടാം വാരവുമാണ് ഖുർആൻവാരം. നേരത്തെ ജൂലൈ ആദ്യവാരത്തിലായിരുന്നു ആചരിച്ചിരുന്നത്.




**അൽഹഖ്**

വാർത്താപത്രിക

2011 ഏപ്രിൽ

പുസ്തകം 19 ലക്കം 2


## വിശുദ്ധ ഖുർആൻ - സമാധാന സന്ദേശം

വിശുദ്ധ ഖുർആൻ നൽകുന്ന സന്ദേശം സമാധാനത്തിലധിഷ്ഠിതമായ ഒരു ലോകത്തിന്റെ നിർമിതിയാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സമാധാനം പ്രദാനം ചെയ്യുന്ന ഖുർആനിക തത്വങ്ങൾ പ്രായോഗിക വൽക്കരിക്കാൻ ആയാസരഹിതവുമാണ്.

കാല ദേശ വർണ വർഗ ഭാഷകൾക്കതീതമായ ഒരു ചൈതന്യം അത് നിലനിർത്തിപ്പോരുന്നു. അതുകൊണ്ട് തന്നെ ലോകത്ത് എവിടെ താമസിക്കുന്ന മനുഷ്യനുമായും അത് സംവദിക്കുന്നു.

അത് നിർദ്ദേശിക്കുന്ന ആരാധനാ കർമങ്ങളിലും വിധിവിലക്കുകളിലും ഈ സാർവ ദേശീയത്വം കാണാൻ കഴിയും. ആത്യന്തികമായി ഒരു കാര്യത്തിൽ മാത്രമേ വിശുദ്ധ ഖുർആൻ ഒരു യൂണിഫോം ആവശ്യപ്പെടുന്നുള്ളൂ. അത് ഭയഭക്തിയാണ്. അതിന്റെ ഏറ്റക്കുറച്ചിൽ ദൈവ സാമിപ്യത്തിലും പ്രതിഫലിക്കുമെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

ദൈവസാമീപ്യം ആഗ്രഹിക്കുന്നവൻ ഭയഭക്തിയുടെ ഏറ്റവും സൂക്ഷ്മ വശങ്ങൾപ്പോലും ശ്രദ്ധിക്കാൻ ബാധ്യസ്ഥനാണ്. അവനിൽ നിന്ന് ലോകത്തിന് സമാധാനം മാത്രമേ ഉണ്ടാവുകയുള്ളൂ.

അതേ വിശുദ്ധഖുർആന്റെ അധ്യാപനങ്ങളുടെ ജീവിത സാക്ഷാൽക്കാരം മാത്രമേ ലോകത്തിന് സമാധാനം പ്രദാനം ചെയ്യുകയുള്ളൂ.

## Cover



**Bait-uz-Zafar**

**188-15 McLaughlin Ave**
**Hollis, NewYork 11423**



## യുഗനാദം

**ഹദ്റത് അഹ്മദ്(അ)**



### ഖുർആന്റെ സ്ഥാനം

സൂറ വാഖിഅയിലെ 76-81 ആയത്തുകൾ വിശദീകരിച്ചുകൊണ്ട് ഹുസൂർ(അ) പറയുന്നു. ഉദിച്ചുയരുകയും ദൃഷ്ടിഗോചരമാവുകയും ചെയ്യുന്ന നക്ഷത്രങ്ങളെ കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, ഈ സാക്ഷ്യം ഒരു വലിയ സാക്ഷ്യമാണ്, നിങ്ങൾക്ക് യാഥാർഥ്യത്തെക്കുറിച്ച് അറിവുണ്ടായിരുന്നെങ്കിൽ.

ഈ ഖുർആൻ ആദരണീയവും അതിമഹത്തായ പ്രതാപമുള്ളതുമായ ഗ്രന്ഥമാകുന്നു. പരിശുദ്ധമായ അകതാരുള്ളവർക്കേ ഇതിനെ സ്പർശിക്കാൻ കഴിയുകയുള്ളു. ഇത്തരം സാക്ഷ്യത്തിന്റെ ഇവിടെ ഔചിത്യമെന്തെന്നാൽ, ഖുർആനെ ഇവിടെ സ്തുതിക്കുകയാണ്. അത് ഏറെ ആദരണീയമാണ്. അതായത് ആത്മീയ ആദരവുകളാൽ സമ്മിളിതമാണ്.

ഏറെ ഉയർന്നതും, ഉന്നതവുമായ സൂക്ഷ്മ ജ്ഞാനങ്ങൾ ചില ഹ്രസ്വദൃഷ്ടികൾക്ക് ചെറുതായി തോന്നുന്നത്. നക്ഷത്രങ്ങൾ ചെറുതായും ബിന്ദുക്കളായും കാണപ്പെടുന്നത് പോലെയാണ്. എന്നാൽ യാഥാർഥ്യം അതല്ല, പ്രത്യക്ഷത്തിൽ ബിന്ദുക്കൾപോലെ കാണപ്പെടുന്നു, പക്ഷേ അവയുടെ സ്ഥാനം ഏറെ ഉയരത്തിലും ഉന്നതിയിലുമാണ്. അതുകൊണ്ട് അവയുടെ യഥാർഥ വലുപ്പം മനസിലാക്കാൻ കണ്ണുകൾക്ക് കഴിയുന്നില്ല.

(ജംഗെമുഖദ്ദസ് റൂഹാനിഖസായിൻ ഭാഗം:6, പേജ്-87)

### അർഥങ്ങൾ അനന്തമാണ്

അറിയുക! വിശുദ്ധഖുർആന്റെ പ്രകടമായ അത്യൽഭുതം. അനന്തമായ ദിവ്യജ്ഞാനങ്ങളും, യാഥാർഥ്യങ്ങളും, യുക്തിഭദ്രമായ അറിവുകളുമാണ്. അത് ഓരോ കാലത്തും കാലത്തിന്റെ ആവശ്യത്തിനനുസൃതമായി വെളിപ്പെട്ടുകൊണ്ടിരിക്കും. അത് ഓരോ കാലഘട്ടത്തിലുമുള്ള ചിന്താഗതികളെ നേരിടാൻ ആയുധധാരിയായ സൈനികനെപ്പോലെ നിൽക്കുന്നതാണ്....... അല്ലയോ ദൈവ ദാസന്മാരേ, നിങ്ങൾ തീർച്ചയായും ഓർത്തുകൊള്ളുവിൻ വിശുദ്ധഖുർആനിൽ അനന്തമായ വിജ്ഞാനങ്ങളുടേയും യാഥാർഥ്യങ്ങളുടേയും അത്ഭുതമുണ്ട്. അത് എല്ലാ കാലത്തും വാളിനേക്കാളും കൂടുതൽ പ്രാവർത്തികമായിട്ടുണ്ട്.

വിശുദ്ധഖുർആനിലെ ദിവ്യൽഭുതങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. പ്രകൃതിയാകുന്ന ഗ്രന്ഥത്തിലെ പ്രത്യേക അത്ഭുതങ്ങളും കൗതുകങ്ങളും ഏതെങ്കിലും കാലത്ത് അവസാനിക്കുന്നില്ല, മറിച്ച് പുതുപുത്തൻ സംഗതികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതു തന്നെയാണ് ഈ പരിശുദ്ധ ഗ്രന്ഥത്തിന്റേയും അവസ്ഥ......

(ഇസാലെ ഔഹാം റൂഹാനിഖസായിൻ ഭാഗം :3 പേജ്: 255-257)

### വി.ഖുർആൻ സ്വയം ദൃഷ്ടാന്തമാകുന്നു.

ദൈവിക വചനങ്ങൾ മുസ്‌ലീംകളെ ഇതര അത്ഭുത ദൃഷ്ടാന്തങ്ങളിൽ നിന്ന് തികച്ചും നിരാശ്രയരാക്കിയിരിക്കുന്നു. അത് കേവലം അത്ഭുതം മാത്രമല്ല, മറിച്ച് തന്റെ പ്രഭാവങ്ങളുടേയും പ്രകാശസ്പുരണകളുടേയും അടിസ്ഥാനത്തിൽ ശ്ലാഘനീയമായ ദിവ്യാത്ഭുതം കൂടിയാണ്. യഥാർത്ഥത്തിൽ വിശുദ്ധ ഖുർആൻ സ്വയമായി തന്നെ സമ്പൂർണ്ണ സവിശേഷതകൾ ഉള്ളതാണ്. അതിന് ബാഹ്യമായ ദൃഷ്ടാന്തങ്ങളുടെ ആവശ്യം തന്നെയില്ല. ബാഹ്യമായ ദൃഷ്ടാന്തങ്ങൾ അതിന് എന്തെങ്കിലും ആധിക്യം നൽകുന്നില്ല. അവ ഇല്ലെങ്കിൽ അതിന് ഒരു വിധത്തിലുള്ള ന്യൂനതകളും ഉണ്ടാകുന്നുമില്ല. അതിന്റെ സൗന്ദര്യം പുറത്തു നിന്നുള്ള ആഭരണങ്ങളാൽ വർദ്ധിക്കുന്നില്ല. മറിച്ച് അത് സ്വയം തന്നെ ആയിരക്കണക്കിന് അത്യൽഭുതവും അനുഭവവുമായ ദൃഷ്ടാന്തങ്ങളുടെ കേദാരമാണ്. അത് എല്ലാ കാലത്തുള്ള ജനങ്ങൾക്കും കാണാൻ കഴിയും. അതിന്, തന്റെ ആദ്യകാലത്ത് വെളിപ്പെട്ട തെളിവുകൾ മാത്രമല്ല നൽകാനുള്ളത്. അത് ഏറെ ഭംഗിയുള്ള പ്രേമഭാജനമാകുന്നു. ഓരോ വസ്തുവും അതുമായി ചേർന്ന് സൗന്ദര്യമുള്ളതായി തീരുന്നു. തന്റെ സൗന്ദര്യത്തിന് പുറത്തു നിന്നുള്ള ഏതെങ്കിലും ചേരുവയെ അത് ആശ്രയിക്കുന്നില്ല.

ഹുമ ഖുബാനെ ആലം റാ ബസോഖറെ ഹാബയാ റായന്ദ്

തു സീമീൻ തൻ ചുനാഹ് ഖൂബി കെ സേവർ ഹാബയാറായീ

(ലോകത്തുള്ള സൗന്ദര്യധാമങ്ങൾക്കെല്ലാം ആഭരണങ്ങൾ കൊണ്ടാണ് സൗന്ദര്യം വർദ്ധിപ്പിക്കുന്നത്. എന്നാൽ നീ ആഭരണങ്ങൾക്ക് സൗന്ദര്യം പ്രദാനം ചെയ്യുന്ന സൗന്ദര്യധാമമാണ്.)

സുർമ ചശ്മെ ആരിയ: പേജ് :12,13 റൂഹാനിഖസായിൻ - 2

# ഖുർആനിക പാഠങ്ങളിലൂടെ .............

### സലാം പറയുന്നവരെ അമുസ്ലിം എന്ന് പറയരുത്

وَلَا تَقُولُوا لِمَنْ أَلْقَىٰ إِلَيْكُمُ السَّلَامَ لَسْتَ مُؤْمِنًا (4:95)

ഈ ആയത്തിൽ പറയുന്നത്, ഹൃദയത്തിന്റെ അവസ്ഥ എന്തോ ആകട്ടെ, ഒരാൾ, ഇസ്ലാമിന്റെ വിശദാംശങ്ങളെക്കുറിച്ച് അജ്ഞനും



അതേ സമയം അയാൾ ഇസ്ലാമിന്റെ ബാഹ്യമായ മര്യാദകൾ മാത്രം മനസിലാക്കിയവനും, തന്നെ മുസ്ലിമെന്ന് വെളിപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ പോലും നീ മുസ്ലിമല്ല എന്ന് പറയുന്നത് അനുവദനീയല്ല. ആരെങ്കിലും അങ്ങി നെയുള്ള വരെ അമുസ്ലിം എന്ന് പറഞ്ഞാൽ, യഥാർഥത്തിൽ അയാൾ, അത്തരം ആളെ പൂർവികാവസ്ഥയിലേക്ക് തിരികെപ്പോകാൻ വഴിയൊരുക്കുകയായിരിക്കും.

(മസ്അല വഹീവനുബുവത്ത് കെ മുത്തഅല്ലിഖ് ഇസ്ലാമീ നദ്റിയ പേജ് :111)

### വാതിലുകളിലൂടെ പ്രവേശിക്കുക, വിജയിക്കുക.

وَأْتُوا الْبُيُوتَ مِنْ أَبْوَابِهَا ۚ وَاتَّقُوا اللَّهَ لَعَلَّكُمْ تُفْلِحُونَ (2:190)

ഇതിൽ പറയുന്നത്, വിജയം എപ്പോഴും വാതിലുകളിലൂടെ വരുമ്പോഴാണ് ഉണ്ടാവുക എന്നാണ്.



നിങ്ങൾ അങ്ങനെ ചെയ്യാതെ, വാതിലുകളിലൂടെ കയറുന്നതിന് പകരം, മതിലുകൾ ചാടിക്കടന്ന് അകത്ത് പ്രവേശിക്കാനൊരുങ്ങിയാൽ നിങ്ങൾക്ക് ഒരിക്കലും വിജയം വരിക്കാൻ സാധ്യമല്ല. ഉദാഹരണത്തിന്, യുദ്ധത്തിന്റെ കാലത്ത്, ആയുധങ്ങൾ ഉപയോഗിക്കാൻ അറിയാതിരിക്കുകയും, യുദ്ധമുറകൾ പരിശീലിക്കാതിരിക്കുകയും ചെയ്താൽ വിജയം നേടാൻ സാധ്യമല്ല. എന്നാൽ ഏറ്റവും ചെറിയ വാളെങ്കിലും നിങ്ങളുടെ പക്കൽ ഉണ്ടാവുകയോ അതല്ലെങ്കിൽ വടി ചുഴറ്റാനെങ്കിലും അറിയുകയോ ചെയ്യുമെങ്കിൽ നിങ്ങൾക്ക് സമൂഹത്തിന് പ്രയോജനപ്രദമായ വ്യക്തിത്വമായിരിക്കും, ചുരുക്കത്തിൽ വിജയത്തിന്, അല്ലാഹു നിശ്ചയിച്ചിട്ടുള്ള മാർഗങ്ങളെയും, വസ്തുക്കളേയും ഉപയോഗപ്പെടുത്തേണ്ടതും അനിവാര്യമാണ്. (തഫ്സീർ കബീർ)

### തിന്മകൾ പ്രചരിപ്പിക്കരുത്.

إِنَّ الَّذِينَ يُحِبُّونَ أَنْ تَشِيعَ الْفَاحِشَةُ (24:20)

ഈ ആയത്തിൽ, അല്ലാഹു എടുത്തുപറയുന്ന മനശാസ്ത്രവീക്ഷണം, വിശുദ്ധഖുർആൻ, ദൈവിക വചനമാണെന്നതിലേക്ക് കനപ്പെട്ടൊരു തെളിവുകൂടിയാണ്. കാരണം മനഃശാസ്ത്ര ഗവേഷണങ്ങൾ ആദ്യകാലങ്ങളിൽ ഇല്ലായിരുന്നു. ഇത് 19-ാം നൂറ്റാണ്ടിലാണ് ആരംഭിച്ചത്. ഇരുപതാം നൂറ്റാണ്ടിലാണ് അതൊരു വൈജ്ഞാനിക മേഖലയായത്.

വിശുദ്ധ ഖുർആൻ ഈ ആയത്തിൽ പറയുന്നത്, താങ്കളെ പറ്റി സദസുകളുൽ ചർച്ച ഉണ്ടാവരുതെന്നും അല്ലാത്ത പക്ഷം അത്തരം തിന്മകൾ ജനങ്ങൾക്കിടയിൽ അതിശീഘ്രം വ്യാപിക്കുമെന്നുമാണ്. (തഫ്സീർ കബീർ)

### പരിപൂർണ്ണ മുഅ്മിൻ

وَالنَّازِعَاتِ غَرْقًا ۝ وَالنَّاشِطَاتِ نَشْطًا ۝ (79:2,3)

അതായത് ചില ആളുകൾ കർമങ്ങൾ ചെയ്തു ചെയ്ത് പൂർണമായും അതിൽ ലയിക്കുന്നു. അവരുടെ ഹൃദയങ്ങളിലെ എല്ലാ കുരുക്കുകളും അഴിക്കപ്പെടുകയും അങ്ങിനെ അവർ അതിൽ സന്തോഷവും ആനന്ദവും അനുഭവിക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു. ഇവർതന്നെയാണ് കാമിൽ മുഅ്മിൻ അഥവാ പരിപൂർണ വിശ്വാസി. (ഖുത്ബാത്തെ മഹ്മൂദ് ഭാ: 1, പേജ് : 184)

### ഖുർആനും 5 നേര നമസ്കാരവും

أَقِمِ الصَّلَاةَ لِدُلُوكِ الشَّمْسِ إِلَىٰ غَسَقِ اللَّيْلِ وَقُرْآنَ الْفَجْرِ (17:79)

ഈ ആയത്തിൽ 5 നേര നമസ്കാരങ്ങളുടെ സമയം വ്യക്തമാക്കിയിരിക്കുന്നു. ദുലൂക്ക് എന്ന പദത്തിന് 3 അർഥങ്ങളുണ്ട്. ഓരോ അർഥത്തിന്റേയും അടിസ്ഥാനത്തിൽ ഓരോ നമസ്കാര സമയം വെളിപ്പെടുത്തിയിരിക്കുന്നു.



1. മാലത്ത് വ സാലത്ത് അൻ കബദിസ്സമാഇ:- അതായത് മധ്യാഹ്നത്തിനും ദുലൂക്ക് എന്ന് പറയുന്നു. ഇതിൽ ളുഹർ നമസ്കാര സമയമാണ് ഉള്ളത്.

2. സഫറത്:- സൂര്യന് മഞ്ഞ നിറം ബാധിക്കുന്നതിനും ദുലൂക്ക് എന്ന് പറയുന്നു. ഇതിൽ അസർ നമസ്കാര സമയം പറഞ്ഞിരിക്കുന്നു.

3. ഗരബത്ത്:- അതായത് സൂര്യാസ്തമയം, മഗ്രിബ് നമസ്കാര സമയം

4. ഗസഖില്ലയ്ലിയുടെ അർഥം രാത്രിയുടെ ആരംഭ ദശ എന്നാണ്. ഇതിൽ ഇശാ നമസ്കാര സമയം പറഞ്ഞിരിക്കുന്നു.

5. ഖുർആനൽ ഫജ്ർ എന്ന് പറഞ്ഞുകൊണ്ട് സുബഹി നമസ്കാര സമയത്തെ വ്യക്തമാക്കിയിരിക്കുന്നു.

(തഫ്സീർ കബീർ ഭാഗം : 4, പേജ് : 373)

### യോഗ മുഖേന ആത്മാവിന്റെ പരിപൂർത്തി സാധ്യമല്ല

قُلِ الرُّوحُ مِنْ أَمْرِ رَبِّي (17:86)

വിവിധയിനം ധ്യാനങ്ങളിലൂടെ ആത്മാവിനെ ശുദ്ധീകരിക്കുകയും പരിപൂർത്തീകരിക്കുകയും



ചെയ്യാമെന്ന വാദഗതികളെ ഖണ്ഡിച്ചുകൊണ്ട് ഹ. മുസ്ലിഹ് മൗഊദ്(റ) പറയുന്നു:

വിശുദ്ധ ഖുർആൻ ഇത്തരം ചോദ്യത്തിനുള്ള മറുപടി കൊടുക്കുന്നത്, ഖുലിർറൂഹിമിൻ അംറി റബ്ബീ എന്നാണ്. അതായത് അല്ലയോ മുഹമ്മദ് റസൂലുല്ലാഹ്, നീ അവരോട് പറയുക പരിപൂർണമായ റൂഹ് അതായത് അല്ലാഹുവുമായി ശരിയായ ബന്ധമുള്ള റൂഹിന് ചില അദൃശ്യ കാര്യങ്ങളെപറ്റി അറിവ് നൽകപ്പെടുന്നു. അത് മിൻ അംറി റബ്ബീ ആണ്. അതായത്, അത് അല്ലാഹുവിന്റെ കല്പനമുഖേനയാണ് തയ്യാറാക്കപ്പെടുന്നത്. ദൈവീക ആജ്ഞയില്ലാതെ ഒരു ആത്മാവും പരിപൂർണത പ്രാപിക്കുകയില്ല.

നിങ്ങൾ അനുവർത്തിക്കുന്ന അത്യധ്യാനവും, ഇന്ദ്രജാലവും, യോഗയും ആത്മാവിനെ പരിപൂർണതയിലെത്തിക്കാമെന്നാണെങ്കിൽ അത് പൂർണമായും തെറ്റാണ്. (തഫ്സീർ കബീർ ഭാ: 4, പേജ്: 385)

### ഇസ്ലാമും ഡാൻസും

وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِنْ زِينَتِهِنَّ (24:32)

അല്ലാഹു പറയുന്നു, മറഞ്ഞിരിക്കു ന്ന ആഭരണങ്ങളാണെങ്കിലും, സ്ത്രീകൾ അവരുടെ കാ




ലുകൾ നിലത്തടിച്ച് അതിന്റെ ശബ്ദം മറ്റുള്ളവരെ കേൾപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ........... ........... ഇതിൽ നിന്ന് മനസിലാവുന്ന മറ്റൊരു കാര്യം നൃത്തവും മറ്റും ശരീഅത്ത് അനുവദിക്കുന്നില്ല എന്നാണ്. കാരണം, അതു മുഖേന ലജ്ജാഹീനത്വമാണ് ഉണ്ടാവുന്നത്.

(തഫ്സീർ കബീർ ഭാഗം: 6, പേജ്: 302)

## ഖുർആനിക സേവനം ആയുസ് വർദ്ധിപ്പിക്കും

വിശുദ്ധ ഖുർആന്റെ സേവനത്തെ പ്രകീർത്തിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന് എഴുതിയ ഒരു കത്തിൽ പറയുന്നു:




ജീവിതത്തിനും ആയുസിനും ഒരു ഗ്യാരണ്ടിയും ഇല്ല. യഥാർഥത്തിൽ താങ്കൾ മുഖേന ഇത് പൂർത്തിയായാൽ അത് ഫലസിദ്ധിയുള്ളതായിരിക്കും.

എന്റെ വീക്ഷണത്തിൽ ഈ സേവനം മുഖേന ആയുസും വർദ്ധിക്കുന്നതാണ്. ഹദീസിന്റെ സേവകരുടെ ദീർഘായുസിനെ പറ്റി തെളിയിക്കപ്പെട്ടതാണ്. എന്നിരിക്കെ വിശുദ്ധഖുർആന്റെ സേവകരെപറ്റി അല്ലാഹു അവരുടെ ആയുസിൽ അനുഗ്രഹം ചൊരിയുമെന്ന് ഉറപ്പായും കരുതാവുന്നതാണ്.

വസ്സലാം, മിർസാ ഗുലാം അഹ്മദ്
(ബദ്ർ 19-3-1908 പേജ് :11)

## പതിനായിരം തവണ ഖുർആൻ പാരായണം!

ഹദ്റത് മസീഹ് മൗഊദ്(അ) ഗ്രന്ഥപാരായണം എന്ന നിലക്ക് അധികവും വിശുദ്ധഖുർആൻ പാരായണം ചെയ്യുമായിരുന്നു. അക്കാലഘട്ടത്തിൽ അദ്ദേഹത്തെ കണ്ടിട്ടുള്ളവർ പറയുന്നത് അവർ



എപ്പോഴും ഹുസൂർ(അ) ഖുർആൻ പാരായണം ചെയ്യുന്നതായിട്ടാണ് കണ്ടിട്ടുള്ളതെന്നാണ്.

ഹുസൂർ(അ)ന്റെ മൂത്ത പുത്രൻ ഹദ്റത് മിർസാ സുൽത്വാൻ അഹ്മദ് സാഹിബ് നിവേദനം ചെയ്യുന്നു. ഹുസൂർ(അ) വിശുദ്ധഖുർആ ൻ പാരായ ണം ചെയ്യുകയും അതിൽ അടയാളം വെക്കുകയും ചെയ്തിരുന്നു. അദ്ദേഹം പതിനായിരം തവണയെങ്കിലും ഖുർആൻ പാരായണം ചെയ്തിട്ടുണ്ടെന്ന് യാതൊരു അതിശയോക്തിക്കും ഇടയില്ലാതെ എനിക്ക് പറയാൻ കഴിയും. (അവ: ഹയാതെ ത്വയ്യിബ)






## വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിൽ കൃത്യനിഷ്ഠയുള്ളവരായിരിക്കുക

- ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ), മൊറീഷ്യസിലെ മുബല്ലിഗ് ഹദ്റത് സ്വൂഫി ഗുലാം മുഹമ്മദ് സാഹിബിനെ യാത്രയാക്കുമ്പോൾ നൽകിയ ഉപദേശങ്ങൾ-

1. ഏറ്റവും ആദ്യം റഹ്മാനും റഹീമുമായ അല്ലാഹുവിനോട് ദുഃആ ചെയ്യുന്നതിൽ ശുഷ്കാന്തി കാണിക്കുക. അവൻ എപ്പോഴും താങ്കളെ സംരക്ഷിക്കുമാറാകട്ടെ. എല്ലാ ബുദ്ധിമുട്ടുകളിലും അവൻ ഉപകാരപ്പെടുകയും പ്രയാസങ്ങളിൽ നിന്ന് രക്ഷിക്കുകയും, സൗഖ്യത്തോടുകൂടി ലക്ഷ്യസ്ഥാനത്തേക്ക് എത്തിക്കുകയും, വഴിയിൽ സഹായിയായിരിക്കുകയും ചെയ്യട്ടെ. അവിടേയും അവൻ സഹായിയാവുകയും പരിശുദ്ധാത്മാവിനാൽ താങ്കളെ പിന്തുണക്കുകയും ചെയ്യുമാറാകട്ടെ. ആവശ്യം വരുമ്പോൾ അവൻ ഇൽഹാം മുഖേന താങ്കൾക്ക് യാഥാർഥ്യവും യുക്തിയും മനസിലാക്കിത്തരുമാറാകട്ടെ. ഇവിടെ നിങ്ങളുടെ ബന്ധുമിത്രാദികളെ സുഖത്തിലാക്കട്ടെ. താങ്കൾ വിജയശ്രീലാളിതനും ദൈവിക സഹായം ലഭിച്ചവനുമായി തിരിച്ചുവരുമാറാകട്ടെ. ഇസ്ലാമിന്റെ സത്യസാക്ഷ്യം താങ്കളുടെ കൈകളിലൂടെ വെളിപ്പെടുകയും അഹ്മദിയ്യത്ത് പുരോഗതി പ്രാപിക്കുകയും ചെയ്യട്ടെ. അല്ലാഹു താങ്കൾക്ക് തഖ്വ പ്രദാനം ചെയ്യുമാറാകട്ടെ. ദൈവിക പ്രതാപമാണ് അടിസ്ഥാന സംഗതി. അത് വെളിപ്പെടുമാറാകട്ടെ. അല്ലാഹുമ്മ അമീൻ അല്ലാഹുമ്മ അമീൻ അല്ലാഹുമ്മ അമീൻ. യദുക്കൽ ഖയ്ർ വ അൻത്ത അലാ കുല്ലി ശയ്ഇൻ ഖദീർ (നിന്റെ കൈകളിലാണ് എല്ലാ നന്മയുമുള്ളത് നീ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു). യാത്രയിലും അല്ലാത്തപ്പോഴും ദുഃആയിൽ ശ്രദ്ധ ചെലുത്തുക, വാഹനത്തിൽ ഇരിക്കുമ്പോഴും നാട്ടിൽ പ്രവേശിക്കുമ്പോഴും ദുആകൾ ചെയ്യുക

2. കുഴപ്പങ്ങളുടെ സ്ഥലത്ത് നിന്ന് രക്ഷപ്പെടുക. സത്യം പറയുന്നതിൽ നിന്ന് പിന്തിരിയുകയുമരുത്.

3. അഹ്മദിയ്യത്തിലേക്കുള്ള ക്ഷണമാണ് ഒന്നാമത്തെ ലക്ഷ്യം. ഇക്കാലത്ത് ഇതാണ് സത്യദീൻ. ഇതിന് പുറത്ത് ഒരു സംഗതിയുമില്ല . അഹ്മദിയ്യത്ത് അല്ലാതെ ഒരു സത്യദീനും ഇല്ല. അഥവാ സത്യദീൻ അഹ്മദിയ്യത്ത് തന്നെയാകുന്നു. ദുഃആകളിൽ ശ്രദ്ധിക്കുക. ഇസ്തിഖാറയുടെ ശീലം ഉണ്ടാക്കുക. ജനങ്ങൾക്ക് തഖ്വയുടെ അധ്യാപനം നൽകുക. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളിൽ കൃത്യനിഷ്ഠയുള്ളവരായിരിക്കുക. അവരോട് പറയേണ്ടത്, വിശുദ്ധ ഖുർആനെ അംഗീകരിക്കാതെ, മസീഹ് മൗഊദിനെ അനുസരിക്കേണ്ടതില്ല എന്നാണ്.

താങ്കൾ, താങ്കൾക്കുള്ളിലും പരിശുദ്ധ മാറ്റം വരുത്തുക. ഒരാൾക്ക് സമ്മാനം ലഭിക്കാൻ ഇടവരുന്നത് ഈ ലോകവും അതിലെ സർവതും കിട്ടുന്നതിനേക്കാളും ഉത്തമമാണ്. ഇത്രയും നല്ല അവസരം കിട്ടിയ ആൾക്ക് പിന്നെ മറ്റെന്തിന്റെ ആവശ്യമാണുള്ളത്? അതേ സമയത്തെ പ്രയോജനപ്പെടുത്താൻ ദുഃആകൊണ്ട് പ്രവർത്തിക്കുക. അല്ലാഹു വിശ്വാസിയുടെ ഒരു നിമിഷത്തെപ്പോലും വർഷങ്ങളേക്കാൾ അധികം ഗുണപ്രദമാക്കുന്നു.

ചുരുക്കത്തിൽ, ദുഃആയും, അല്ലാഹുവിനോടുള്ള ഭയഭക്തിയും രണ്ടും ആയുധങ്ങളാണ് അത് താങ്കളുടെ പക്കൽ ഉണ്ടെങ്കിൽ ഒരു ശത്രുവിനും താങ്കളെ എതിരിടാൻ കഴിയില്ല. ജനങ്ങൾ താങ്കൾ പറയുന്നത് അംഗീകരിക്കാൻ തക്ക വിധത്തിലുള്ള മാതൃക കാണിക്കാൻ ശ്രമിക്കുക. സ്വഹാബാക്കൾക്ക് അധികം ഭാഷയൊന്നും അറിയില്ലായിരുന്നു. പക്ഷേ ജനങ്ങൾ അവരുടെ കർമങ്ങൾ കണ്ട് ഇസ്ലാമിൽ തങ്ങളെ സമർപ്പിക്കുകയുണ്ടായി.

(അൽഹക്കം 07 - 03 - 1915) സമ്പാ: ഇബ്നു എസ് ഹമീദ്

اِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنْزِيْرِ وَمَآ اُهِلَّ بِهٖ لِغَيْرِ اللّٰهِ

ശവവും രക്തവും പന്നിമാംസവും അല്ലാഹുവല്ലാത്തവരുടെ പേരിൽ വഴിപാടാക്കപ്പെട്ടവയും മാത്രമാണ് അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളത് (2:174)

നിഷിദ്ധ വസ്തുക്കൾ രണ്ട് തരത്തിലുണ്ട്. ഒന്ന് നിഷിദ്ധം രണ്ട് വെറുക്കപ്പെട്ടത്. ഹറാം എന്ന പദം രണ്ടിനും ഉപയോഗിക്കപ്പെടുന്നു. പ്രധാനമായും നാല് കാര്യങ്ങളിലാണ് ഹറാം. അതിന്റെ തത്ത്വശാസ്ത്രവും ചിന്തോദ്ദീപകമാണ്.

## ഹറാമിന്റെ തത്ത്വശാസ്ത്രം

1. ശവം:- ഒരു ജീവി ചാവുന്നത് അക്രമിക്കപ്പെട്ടോ അസുഖം നിമിത്തമോ വാർദ്ധക്യത്താലോ ആണ്.



2. രക്തം:- ശരീരത്തിനകത്തെ പ്രക്രിയയെ ശുദ്ധീകരിക്കാൻ ഉപകാരപ്പെടുമെങ്കിലും പുറത്ത് വന്നാൽ അത് വിഷമാണ്. എന്തിനധികം ഗ്രൂപ്പ് നിർണ്ണയം കൂടാതെ മനുഷ്യന് പോലും രക്തം കൈമാറാൻ സാധ്യമല്ല. 3. പന്നി:- കൂടെ കൂടെ ഇണചേരുക സ്വവർഗരതി എന്നിവ ഏറ്റവും കൂടുതലുള്ള ഈ ജീവിയുടെ മാംസം നൂറ് ഡിഗ്രിയിലും അധികം ചൂടിൽ മാത്രമേ വേവുകയുള്ളൂ. 4. അല്ലാഹു അല്ലാത്തവരുടെ പേരിൽ അർപ്പിക്കപ്പെട്ടവ:- ഇത്തരം ഭക്ഷണം മനുഷ്യന്റെ സ്വാഭിമാനം നഷ്ടപ്പെടുത്തുന്നു. കാരണം വിശ്വാസത്തിന് വിരുദ്ധമായി ഭക്ഷിക്കേണ്ടിവരുന്നു. (അവ:തഫ്സീർ കബീർ)






# വിശുദ്ധ ഖുർആന്റെ ഏഴ് ഉൾസാരങ്ങൾ

വിശുദ്ധ ഖുർആന്റെ ഏഴ് ഉൾസാരങ്ങൾ ഉണ്ട് എന്ന് റസൂൽ തിരുമേനി(സ) പറഞ്ഞതിന്റെ ഒരർത്ഥം, ലോകത്ത് ഏഴ് വലിയ വലിയ പരിവർത്തനങ്ങൾ ഉണ്ടാകുന്നതാണ്, ഓരോ പരിവർത്തനകാലത്തും ജനങ്ങളുടെ ചിന്തയും മാറുന്നതാണ്. അന്നേരം അല്ലാഹു തുറക്കുന്ന വിശുദ്ധ ഖുർആന്റെ അർത്ഥം അക്കാലഘട്ടത്തിലെ ബുദ്ധികൾക്കും ഹൃദയങ്ങൾക്കും സംതൃപ്തി നൽകുന്ന വിധത്തിലുള്ളതായിരിക്കും. ഇത്തരത്തിൽ മുമ്പ് ആവശ്യകതയോ പ്രാധാന്യമോ തോന്നിയിട്ടില്ലാത്ത നൂറുകണക്കിന് പ്രശ്നങ്ങൾ ഇക്കാലഘട്ടത്തിൽ തുറക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, ഖുർആനിക വചനങ്ങൾ കാലഹരണപ്പെട്ടു എന്ന പ്രശ്നം. കാലഹരണപ്പെടലിന്റെ പ്രശ്നം ഉദിച്ചത് മുമ്പ് ഇതിന് ജനങ്ങളുടെ ദൃഷ്ടിയിൽ യാതൊരു പ്രാധാന്യവും ഇല്ലാതിരുന്ന കാലഘട്ടത്തിലായിരുന്നു. കാരണം അവർക്ക് മുന്നിൽ തിരുദൂതർ (സ) യുടെ കർമ്മങ്ങളുണ്ടായിരുന്നു. അതിനാൽ കാലഹരണപ്പെട്ടു എന്ന വിശ്വാസം ഉണ്ടായിരുന്നിട്ടുകൂടി അത് വിശുദ്ധ ഖുർആന്റെ സത്യത മനസ്സിലാക്കുന്നതിൽ യാതൊരു തടസ്സവുമായില്ല. എന്നാൽ ജനങ്ങൾ തിരുദൂതർ (സ) യുടെ കാലഘട്ടത്തിൽ നിന്നും ദൂരപ്പെടുകയും ലോകത്തിന്റെ ബുദ്ധിയുടേയും അറിവിന്റേയും പരിവർത്തനത്തിനനുഗുണമായ നിലയിൽ വിശുദ്ധ ഖുർആന്റെ ആയത്തുകൾക്ക് അർത്ഥം നൽകാൻ സാധിക്കാതെ വരികയും ചെയ്തപ്പോൾ ഈ ആയത്ത് കാലഹരണപ്പെട്ടു ആ ആയത്ത് കാലഹരണപ്പെട്ടു എന്ന് പറയാൻ തുടങ്ങി. അന്നേരം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ എഴുന്നേൽപ്പിച്ചു. പ്രവർത്തനയോഗ്യമല്ലാത്ത തരത്തിൽ വിശുദ്ധ ഖുർആന്റെ ഒറ്റ ആയത്തും കാലഹരണപ്പെട്ടിട്ടില്ല എന്ന് ആ മഹാത്മാവ് തെളിയിക്കുകയുണ്ടായി. കൂടാതെ കാലഹരണപ്പെട്ടതായി പറയപ്പെട്ടിട്ടുള്ള എല്ലാ ആയത്തുകൾക്കും മനുഷ്യബുദ്ധിക്ക് എളുപ്പത്തിൽ അംഗീകരിക്കാവുന്ന തരത്തിലുള്ള അർത്ഥം നൽകുകയും ചെയ്തു. ഇത് അല്ലാഹു ആ മഹാത്മാവിനു നൽകിയ ഈ ആയത്തുകളുടെ രണ്ടാമത്തെ ഉൾസാരം ആകുന്നു.

അപ്പോൾ വിശുദ്ധ ഖുർആന്റെ ഏഴ് ഉൾസാരങ്ങൾ എന്നതു കൊണ്ടുള്ള ഉദ്ദേശ്യം ഏഴ് അതിമഹത്തായ ചിന്താപരവും ബുദ്ധിപരവും വിജ്ഞാനപരവുമായ പരിവർത്തനങ്ങളാകാം. ഇതിൽ പറഞ്ഞിരിക്കുന്നത് ഇത്തരത്തിലുള്ള എല്ലാ പരിവർത്തനങ്ങളിലും വിശുദ്ധ ഖുർആൻ നിലനിൽക്കുന്നതാണെന്നും, ഞങ്ങളുടെ കാലഘട്ടത്തിലെ ആവശ്യങ്ങളെ ഖുർആൻ പൂർത്തിയാക്കുന്നില്ലാ എന്ന് ആർക്കും പറയാൻ കഴിയില്ലാ എന്നുമാണ്. മറ്റ് ദൈവിക ഗ്രന്ഥങ്ങൾ എപ്രകാരമുള്ളതെന്നാൽ, കാലം മാറുകയും ലോകത്ത് പരിവർത്തനം വരുകയും ചെയ്തപ്പോൾ ആ ഗ്രന്ഥങ്ങളിലുള്ള വചനങ്ങൾക്ക് ആ കാലഘട്ടത്തിനനുസൃതമായ അർത്ഥം ലഭിക്കാത്തതിനാൽ അവ പ്രവർത്തനയോഗ്യമല്ല എന്ന് അവയെ സംബന്ധിച്ച് നമുക്ക് പറയാൻ കഴിയും. എന്നാൽ വിശുദ്ധ ഖുർആനെ സംബന്ധിച്ച് അല്ലാഹു പറയുന്നു, ലോകത്ത് പരിവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുകയും ജനങ്ങൾ ഖുർആൻ പാരായണം ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുന്ന തിനനുസരിച്ച് ആ കാലഘട്ടത്തിന്റെ ആവശ്യങ്ങളെ പൂർത്തിയാക്കുന്ന അർത്ഥം അതിൽ നിന്നും പുറത്തുവന്നുകൊണ്ടിരിക്കുന്നതാണ്. അതെ, വിശുദ്ധ ഖുർആൻ തന്നെയാണ് ഇക്കാലഘട്ടത്തിലേക്കും മതിയായതെന്നും മുഹമ്മദ് നബി (സ) തന്നെയാണ് ഇക്കാലഘട്ടത്തിലേക്കുമുള്ള നബിയെന്നും ജനങ്ങൾ അംഗീകരിക്കുന്നതാണ്.

ഖുർആന്റെ ഏഴ് ഉൾസാരങ്ങൾ എന്ന് തിരുദൂതർ (സ) പറഞ്ഞതിൽ ഏഴ് ഉൾസാരങ്ങൾ മാത്രമേയുള്ളു എന്നർത്ഥമില്ല. പ്രത്യുത, പത്തോ, ഇരുപതോ, അൻപതോ, നൂറോ, ആയിരമോ, രണ്ടായിരമോ ഉൾസാരങ്ങൾ ആകാം. കാരണം അറബി ഭാഷയിൽ ഏഴ് എന്ന സംഖ്യ ആധിക്യത്തെയാണ് സൂചിപ്പിക്കുന്നത്. സബ്അ സമാവാത്ത് എന്നതിന്റെ അർത്ഥം അല്ലാഹു മനുഷ്യപുരോഗതികൾക്കായി ആയിരക്കണക്കിന് ഔന്നിത്യങ്ങൾ സൃഷ്ടിച്ചിരിക്കുന്നു എന്നതാണ്. ചുരുക്കത്തിൽ, പറയുന്നു വിശുദ്ധ ഖുർആനെ എല്ലാ കാലഘട്ടത്തിലേക്കും മതിയായതായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. ഇതിൽ എല്ലാ കാലഘട്ടത്തിലേയും ചിന്തകളെ സംബന്ധിച്ചുള്ള ചർച്ചകളുണ്ട്. ആ കാലഘട്ടത്തിലെ ജനങ്ങളുടെ ചിന്തകൾ വികലമാണെങ്കിൽ അതിനെ ഖണ്ഡിക്കുന്നതാണ്. അഥവാ ശരിയായതാണെങ്കിൽ പിന്തുണക്കുന്നതുമായിരിക്കും.

(തഫ്സീർ കബീർ വാല്യം 7, പേജ്, 666)
വിവ: ടി.എം.അബ്ദുൽ മുജീബ്

## ഉപഹാരം

1957 ൽ ആദ്യമായി ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ തഫ്സീർ സഗീർ പ്രസിദ്ധീകരിച്ചപ്പോൾ ഹദ്റത് നവാബ് മുബാറക ബേഗം സാഹിബ(റ:അ) അതിൽ ഏറെ സന്തോഷവതിയാവുകയും പ്രിയപ്പെട്ടവർക്ക് ഉപഹാരമായി നൽകുകയും ചെയ്തു. തന്റെ ചെറിയ മകൾ ആസിഫ മസ്ഊദ സാഹിബക്ക് തഫ്സീർ സഗീർ ഉപഹാരമായി നൽകി കൊണ്ട് അതിന് പുറത്ത് എഴുതി:



''അനുപമവും അവസാനിക്കാത്തതുമായ ഖജനാവ് ഖുർആൻ മജീദ്''



നാഴികക്കല്ലുകൾ

## മലബാറിൽ ദർസുൽ ഖുർആൻ



ഹദ്റത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി(റ) പറയുന്നു:

ഞാൻ മലബാറിന്റെ മണ്ണിൽ ദർസുൽഖുർആൻ ആരംഭിച്ചപ്പോൾ അഹ്മദികളോട് പറഞ്ഞു, എനിക്ക് രണ്ട് വിധത്തിൽ ദർസ് നൽകാനറിയാം. ഒന്ന് സാധാരണ നിലയിൽ സാധാരണക്കാർക്ക് വേണ്ടി. രണ്ടാമത്തേത് പ്രത്യേകം ആളുകൾക്ക്. എനിക്ക് ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയവും, വൈജ്ഞാനികവുമായ അനുഗ്രഹങ്ങൾക്ക് കീഴിൽ എനിക്ക് അറിവ് നൽകപ്പെട്ടിരിക്കുന്നു. എല്ലാവരും ആദ്യത്തെ രീതിയാണ് ഇഷ്ടപ്പെടുന്നതെന്ന് പറഞ്ഞു.

അങ്ങനെ ഞാൻ ദർസുൽ ഖുർആൻ ആരംഭിച്ചു. 21 ദിവസം ഇദാഖറഅത്തൽ ഖുർആന ഫസ്തഇദ് ബില്ലാഹി മിനശ്ശയ്ത്വാനിർറജീം എന്നതിന്റെ വെളിച്ചത്തിൽ അഊദുബില്ലാഹി മിനശ്ശയ്ത്വാനിർറജീം എന്നത് വിശദീകരിച്ചു. പിന്നെ ഒന്നേകാൽ മാസം ബിസ്മില്ലാഹ്യുടെ തഫ്സീർ തുടർന്നു. അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ എന്നതിന്റെ തഫ്സീർ രണ്ട് മാസം കൊടുത്തു. ഈ ദർസ് 6 മാസം പൂർത്തിയായപ്പോൾ ഇഹ്ദിന സ്സിറാത്തൽ മുസ്തഖീം വരെ എത്തിയിരുന്നു. (ഹായാതെ ഖുദ്സി; ഭാഗം: 2, പേജ്: 86)

# വിശുദ്ധഖുർആനും വർത്തമാനകാലവും

## പനാമ കനാൽ

مَرَجَ الْبَحْرَيْنِ يَلْتَقِيٰنِ ۙ بَيْنَهُمَا بَرْزَخٌ لَّا يَبْغِيٰنِ ۚ

അവൻ രണ്ടു സമുദ്രങ്ങളെ, അവതമ്മിൽ ചേരുന്ന വിധം ഒഴുക്കിയിരിക്കുന്നു. അവ രണ്ടിനുമിടയിൽ ഒരു തടസമുണ്ട്. അവരണ്ടും ഇപ്പോൾ പരസ്പരം അതിക്രമിക്കുന്നില്ല. (വി.ഖു 55: 20,21)

ശാന്തസമുദ്രത്തിനും, അറ്റ്ലാന്റിക് സമുദ്രത്തിനുമിടയിൽ പനാമ കനാലിന്റെ സ്ഥാനത്ത്,



പനാമ പ്രദേശത്തിന്റെ കട്ടിയുള്ള ഭൂമിയായിരുന്നു. അത് രണ്ട് സമുദ്രങ്ങളും കൂടിച്ചേരുന്നതിന് തടസമായിരുന്നു. വിശുദ്ധ ഖുർആന്റെ അവതരിച്ച് 1300 വർഷം വരേയും അത് തുടർന്നു. 1534-ൽ സ്പെയ്ൻ രാജാവായ ചാൾസ് ഒന്നാമൻ ഇവിടെ കനാൽ ഉണ്ടാക്കാൻ സ്കീം തയ്യാറാക്കി. പക്ഷേ 1880-ൽ ഒരു ഫ്രഞ്ച് കമ്പനിയാണ് പണി ആരംഭിച്ചത്. സാമ്പത്തിക ബുദ്ധിമുട്ട് കാരണം അത് തുടരാൻ കഴിഞ്ഞില്ല. 1903-ൽ അമേരിക്കൻ സർക്കാരും പനാമ സർക്കാരും കരാറിലെത്തുകയും 40 മില്യൺ ഡോളർ ചെലവാക്കി 1914 ൽ പണി പൂർത്തിയാക്കുകയും ചെയ്തു.

ഈ പദ്ധതിയെ പറ്റി 1500 വർഷങ്ങൾക്ക് മുമ്പേ തന്നെ വിശുദ്ധഖുർആൻ പ്രഖ്യാപിച്ചതാണ്.

(അവ: ബർകാത്തെ അഹ്മദിയ്യത്ത് പേജ്: 176)

## സൂയസ് കനാൽ

وَهُوَ الَّذِي مَرَجَ الْبَحْرَيْنِ هٰذَا عَذْبٌ فُرَاتٌ وَّهٰذَا مِلْحٌ اُجَاجٌ ۚ وَجَعَلَ بَيْنَهُمَا بَرْزَخًا وَّحِجْرًا مَّحْجُوْرًا

അവനത്രെ രണ്ടു സമുദ്രങ്ങളെ ഒഴുക്കിയവൻ. ഒന്ന് കുടിക്കുവാൻ സുഖമുള്ള ശുദ്ധജലം മറ്റേത് അരോചകമായ ഉപ്പുവെള്ളം അത് രണ്ടിന്റേയും മധ്യത്തിൽ അവനൊരു മറയും ശക്തിമത്തായ തടസവും ഉണ്ടാക്കിയിരിക്കുന്നു (വി.ഖു. 25:54)

ശുദ്ധജലമുള്ള മധ്യധരണ്യാഴിക്കും ഉപ്പ് വെള്ളമുള്ള ചെങ്കടലിനും ഇടയിലാണ് സൂയസ്



കനാൽ. 1895 ഏപ്രിൽ 25 ന് ഇവിടെ കനാൽ പണി ആരംഭിച്ചു. 1869 നവംബർ 17 ന് ഇതിലൂ ടെ ആദ്യത്തെ കപ്പൽ കടന്നുപോയി. ഈ ക നാൽ 131 മൈൽ ദീർഘമുള്ളതാണ്. ഇതിന് 100 മില്യൻ ഡോളറാണ് ചെലവായത്.ഈ കനാലിൽ സിംഗിൾ ലെയ്നിലാണ് കപ്പലുകൾ സഞ്ചരിക്കുന്നത്. കനാലിന്റെ പടിഞ്ഞാറ് ഭാഗത്ത് റെയിൽ ഗതാഗത സൗകര്യവുമുണ്ട്. അതിലൂടെയുള്ള യാത്രയിൽ കനാലിന്റെ മുഴുവൻ സൗന്ദര്യവും ആസ്വദിക്കാം. ഈജിപ്തിൽ പെടുന്ന ഈ കനാൽ ഇന്ത്യയിലേക്കും, പാക്കിസ്ഥാനിലേക്കും മറ്റ് രാജ്യങ്ങളിലേക്കും കപ്പൽ ഗതാഗതം സുഗമമാക്കിയിരിക്കുന്നു. ആഫ്രിക്കക്കു ചുറ്റും ഇപ്പോൾ കറങ്ങേണ്ട ആവശ്യമില്ല. ഒരു പാട് സമയവും പൈസയും ഇതുകൊണ്ട് ലാഭിക്കാൻ കഴിയുന്നു. ഈജിപ്തിന് ഈ കനാൽ നല്ലൊരു വരുമാനമാർഗമാണ്. ഈ കനാലിന്റെ പദ്ധതിയും 1500 വർഷങ്ങൾക്ക് മുമ്പേ തന്നെ ഖുർആൻ പ്രഖ്യാപിച്ചിരിക്കുന്നു.

(അവ: ബർക്കാത്തെ അഹ്മദിയ്യത്ത് : പേജ്: 176,177)

## ഡി.എൻ.എ.

نَحْنُ خَلَقْنٰكُمْ فَلَوْلَا تُصَدِّقُوْنَ

നാമാണ് നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. ആ സ്ഥിതിക്ക് നിങ്ങൾ എന്തുകൊണ്ട് (നമ്മുടെ വാക്ക്) അംഗീകരിക്കുന്നില്ല. (56:58)

മനുഷ്യന്റെ ഡി.എൻ.എയിൽ അല്ലാഹു പ്രത്യേകരീതിയിൽ ഒരു കമ്പ്യൂട്ടറൈസ്ഡ് പ്രോഗ്രാം



വെച്ചിരിക്കുന്നു. അതു കൊണ്ടാണ് മനുഷ്യശരീരത്തിലെ വിവിധ അവയവങ്ങൾ കാലാനുസൃതം മാറിവരുന്നതും നിശ്ചിത സമയത്ത് അവയുടെ ത്വരിതഗതിയിലുള്ള വളർച്ച നിലയ്ക്കുകയും ചെയ്യുന്നത്. ഉദാഹരണമായി പല്ല്. പാല് കുടിക്കുന്ന കാലത്തുള്ള പല്ലുകൾ ഒരു പ്രത്യേക സമയത്ത് മുളച്ചുവരികയും നിശ്ചിത കാലത്തിനുശേഷം പൊഴിഞ്ഞുപോവുകയും ചെയ്യുന്നു. തുടർന്ന് വരുന്ന ദൃഢതയുള്ള നല്ല പല്ലുകൾ നിലനിൽക്കുന്നു. ഒരു പ്രത്യേക പരിധിക്ക് ശേഷം അവ വളരുന്നില്ല. മനുഷ്യനിലെ ഡി.എൻ. എയിലുള്ള അത്ഭുതകരമായ ഈ കമ്പ്യൂട്ടറൈസ്ഡ് സംവിധാനത്തെക്കുറിച്ച് ഖുർആൻ സ്പഷ്ടമായ നിലയിൽ പ്രതിപാദിക്കുന്നു.

(ഖുർആൻ കരീം ഹ. ഖലീഫത്തുൽ മസീഹ് -IV (റഹ്)

## ക്ലോണിങ്ങ്

وَّلَاُضِلَّنَّهُمْ وَلَاُمَنِّيَنَّهُمْ وَلَاٰمُرَنَّهُمْ فَلَيُبَتِّكُنَّ اٰذَانَ الْاَنْعَامِ وَلَاٰمُرَنَّهُمْ فَلَيُغَيِّرُنَّ خَلْقَ اللّٰهِ ۚ وَمَنْ يَّتَّخِذِ الشَّيْطٰنَ وَلِيًّا مِّنْ دُوْنِ اللّٰهِ فَقَدْ خَسِرَ خُسْرَانًا مُّبِيْنًا

തീർച്ചയായും ഞാനവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്; അപ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറും. പിന്നേയും ഞാനവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു. (4:120)

وَمَا كُنْتُمْ تَسْتَتِرُوْنَ اَنْ يَّشْهَدَ عَلَيْكُمْ سَمْعُكُمْ وَلَاۤ اَبْصَارُكُمْ وَلَا جُلُوْدُكُمْ وَلٰكِنْ ظَنَنْتُمْ اَنَّ اللّٰهَ لَا يَعْلَمُ كَثِيْرًا مِّمَّا تَعْمَلُوْنَ

അങ്ങനെ അവർ അതിന്റെ സമീപത്തെത്തിക്കഴിഞ്ഞാൽ അവരുടെ കാതുകളും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. (41:23)

ഇവിടെ ജിൽദ് അഥവാ തൊലി എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്. ഇന്നത്തെ ശാസ്ത്ര



ജ്ഞന്മാർ തൊലിയിൽ അനേകം ഗുപ്തസത്യങ്ങൾ ഉണ്ടെന്ന് തെളിയിച്ചിരിക്കുന്നു. മേൽ രണ്ടായത്തുകളും ആധുനിക ജെനിറ്റിക് എഞ്ചിനിയറിംഗിലേക്ക് വ്യക്തമായ സൂചനകളാണ് നൽകുന്നത്. സൃഷ്ടികർതൃത്താവകാശവാദം മനുഷ്യൻ ഉന്നയിക്കുമെന്നുമാണ് വ്യക്തമാക്കുന്നത്.

(ഖുർആൻ കരീം ഹ. ഖലീഫത്തുൽ മസീഹ് -IV (റഹ്)

## തൂലിക

نٓ وَالْقَلَمِ وَمَا يَسْطُرُوْنَ

മഷിപ്പാത്രം കൊണ്ടും പേനകൊണ്ടും (അതുമുഖേന) അവർ എഴുതിവെക്കുന്നതിനെ കൊണ്ടും സത്യം. (68:2)

الَّذِيْ عَلَّمَ بِالْقَلَمِ

പേന കൊണ്ട് പഠിപ്പിച്ചവനത്രെ അവൻ. (95:6)



നൂൻ എന്നത് കൊണ്ടുള്ള ഒരു വിവിക്ഷ മഷികുപ്പി എന്നാണ്. പേനകൊണ്ടെഴുതുന്ന സർവ്വരും ഇതിനെ ആശ്രയിക്കുന്നു. മനുഷ്യ പുരോഗതിയുടെ കാലഘട്ടം തൂലികയുടെ രാജാധിപത്യത്തിൽ നിന്നുമാണാരംഭിക്കുന്നത്. മനുഷ്യപുരോഗതിയിൽനിന്ന് എഴുത്തിനുള്ള പ്രാധാന്യം എടുത്തുമാറ്റിയാൽ അവന്റെ യാത്ര പിന്നെ അജ്ഞതയിലേക്കായിരിക്കും. അവനൊരിക്കലും വൈജ്ഞാനിക പുരോഗതി നേടാനും സാധ്യമല്ല.

(ഖുർആൻ കരീം ഹ. ഖലീഫത്തുൽ മസീഹ് -IV (റഹ്)

الٓمّٓ ۚ ۝٢

**നമുക്ക് താരതമ്യം ചെയ്യാം.**

(വി.ഖു 2.2)

**അമാനി മൗലവി**

എല്ലാവർക്കും സുപരിചിതമായ ഇത്തരം അറബി അക്ഷരങ്ങളാൽ കൂട്ടി ചേർക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥം തന്നെയാണ് ഖുർആനും. എന്നാൽ ഇത് പോലെയുള്ള ഒരു ഗ്രന്ഥമോ ഇതിലെ ഒരദ്ധ്യായം പോലയുള്ള ഒരു ഭാഗമോ നിങ്ങളൊന്ന് കൊണ്ട്വരുവിൻ എന്നിങ്ങനെ നിഷേധികളായ ശത്രുക്കളോടുള്ള ഒരു വെല്ലുവിളിയാണ് ഈ അക്ഷരങ്ങൾ.......................... അറബി അക്ഷര മാലയിൽ 28 അക്ഷരങ്ങളാണുള്ളത്. അതിന്റെ പകുതിഭാഗമായ 14 അക്ഷരങ്ങളാണ് സൂറത്തുകളുടെ ആരംഭത്തിലുള്ള ഈ കേവലാക്ഷരങ്ങളിലുള്ളത്......... ചുരുക്കത്തിൽ ഇങ്ങനെ എല്ലാവർക്കും സുപരിചിതമായ അറബി അക്ഷരങ്ങളും അവയാൽ സംഘടിപ്പിക്കപ്പെടുന്ന വാക്കുകളും ഉപയോഗിച്ചാണല്ലോ എല്ലാ അറബി ഗദ്യ - പദ്യ സാഹിത്യങ്ങളും രൂപം കൊള്ളുന്നത്. ഇതേ അക്ഷരങ്ങളുടേയും വാക്കുകളുടേയും സമൂഹം തന്നെയാണ് ഖുർആനും എന്നിരിക്കെ ഇതിന്റെ മുഴുവൻ ഭാഗത്തോടോ ഏതാനും ഭാഗത്തോടോ കിടപിടിക്കത്തക്ക ഒരു കൃതി ആർക്കും സമർപ്പിക്കുവാൻ കഴിയാത്തത് അതിന്റെ അമാനുഷികതക്ക് സ്പഷ്ടമായ ഒരു തെളിവാകുന്നു........

(വിശുദ്ധ ഖുർആൻ വിവരണം ഭാഗം: 1, പേജ്: 122
പ്രസാധനം : അവിഭക്ത കെ.എൻ.എം, നാലാം പതിപ്പ്, 2000)

**മൗലാനാ മൗദൂദി**

ഖുർആനിലെ ചില അധ്യായാരംഭങ്ങളിൽ ഇത്തരം ഒറ്റ അക്ഷരങ്ങൾ കാണാം. വ്യത്യസ്തമായ അർഥങ്ങളാണ് വ്യാഖ്യാതാക്കൾ അവയ്ക്ക് നൽകിയിട്ടുള്ളത്. അതിൽ ഒരർഥവും സർവാംഗീകൃതമല്ല. ഏതായാലും ഈ അക്ഷരങ്ങളുടെ കൃത്യമായ അർഥമറിയുക നമ്മെ സംബന്ധിച്ചിടത്തോളം അനിവാര്യമല്ല. എന്തുകൊണ്ടെന്നാൽ അതറിയായ്കമൂലം ഖുർആനിൽനിന്ന് മാർഗദർശനം കരസ്ഥമാക്കുന്നതിന് ഒരു കുഴപ്പവുമുണ്ടാകുന്നില്ല.

(ഖുർആൻ ഭാഷ്യം, പേജ് : 12)

**എൻസൈക്ലോപീഡിയ അമേരിക്കാന പറയുന്നു:**



ഖാദിയാൻ.... കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ അഹ്മദിയ്യാ പ്രസ്ഥാനം ഖുർആനും വഹിച്ചുകൊണ്ട് ഭൂമിയുടെ ദൂരെ ദൂരെ കോണുകളിൽ എത്തിയിരിക്കുന്നു. യൂറോപ്പിലും ആഫ്രിക്കയിലും അമേരിക്കയിലുമുള്ള സാംസ്കാരിക സമ്പന്നരായ ആളുകൾ, ഇവരുടെ മിഷണറിമാർ ഖുർആന് നൽകുന്ന വ്യാഖ്യാനങ്ങളിൽ ആകർഷിക്കപ്പെടുന്നു.

Page 522 Vol. 16 by Edward j.Jury
Proffessor of Islamics and Comparative Religion, Princeton Theological Seminary.

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)**

(തഫ്സീർ കബീർ ഭാഗം :1 പേജ് :61- 70 ൽ പരാമർശിച്ചിട്ടുള്ള വ്യാഖ്യാനത്തിൽ നിന്ന് )

കേവലാക്ഷരങ്ങളുടെ എന്റെ ഗവേഷണത്തിന്റെ അടിസ്ഥാനം ഹദ്റത് ഇബ്നു അബ്ബാസ്(റ)ഉം ഹദ്റത് അലി(റ)ഉം ചെയ്തിട്ടുള്ള വിവക്ഷകളാണ്. കേവലാക്ഷരങ്ങളിൽ (ഹുറൂഫെ മുഖത്തിആത്ത്) ഒരുപാട് രഹസ്യങ്ങൾ അടങ്ങിയിരിക്കുന്നു. ഇതിൽ ചില രഹസ്യങ്ങൾ അതേകുറിച്ച് ഖുർആനിൽ പരാമർശമുണ്ടായിരിക്കും.

വിശുദ്ധ ഖുർആനുമായി അഗാധ ബന്ധമുള്ളവർക്കാണ് വെളിപ്പെട്ടു കിട്ടുന്നത്. കൂടാതെ ഈ വാക്കുകൾ വിശുദ്ധ ഖുർആനിലെ ചില വിഷയങ്ങളിലുള്ള താഴാണ്(പൂട്ട്). ആദ്യം ഈ താഴുകൾ തുറക്കാതെ പ്രസ്തുത വിഷയങ്ങളിലേക്ക് എത്താൻ സാധ്യമല്ല. എത്രമാത്രം അവയുടെ വിവക്ഷകൾ മനസിലാകുന്നുവോ അത്രയും വിശുദ്ധ ഖുർആന്റെ അർഥം വെളിപ്പെടുന്നതാണ്.

എന്റെ ഗവേഷണം പറയുന്നത് കേവലാക്ഷരങ്ങൾ മാറുന്നതനുസരിച്ച് ഖുർആനിലെ വിഷയവും പുതുമയുള്ളതാവുന്നു എന്നാണ്. ഏതെങ്കിലും സൂറത്തിന്റെ ആരംഭത്തിൽ കേവലാക്ഷരങ്ങൾ വന്നാൽ, ശേഷം വരുന്ന കേവലാക്ഷരങ്ങൾ ഇല്ലാത്ത സൂറത്തുകളിലും ഒരേ വിഷയം തന്നെയാണുണ്ടാവുക. അതേപോലെ ഒരേ കേവലാക്ഷരങ്ങൾ ആവർത്തിക്കുമ്പോൾ ആ സൂറത്തുകളിലും വിഷയസംബന്ധമായി ഒരേ ചരടിൽ കോർത്തിണക്കിയവയായിരിക്കും. (പേജ് :65)

ഇവയിൽ അല്ലാഹുവിന്റെ സ്വിഫത്തുകൾ പരാമർശിച്ചിട്ടുണ്ട്. അതിന്റെ വിശദീകരണമാണ് തുടർന്നുള്ള സൂറത്തിൽ പ്രതിപാദിക്കുന്നത്. സ്വിഫത്തുകളുടെ ആദ്യ അക്ഷരം അല്ലെങ്കിൽ ചില പ്രധാന അക്ഷരങ്ങൾ വിഷയത്തിലേക്ക് സൂചന നൽകാൻ വേണ്ടി കൊടുത്തിട്ടുണ്ട്...... ഈ അർഥം ഏറ്റവും ശരിയായതും വി. ഖുർആന്റെ അന്തസിനും, ഖുർആനികജ്ഞാനങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമാണ്. (പേജ് : 61)

അതേ സമയം ഈ കേവലാക്ഷരങ്ങളുടെ തുക ഗണിച്ചുകൊണ്ട് യഹൂദികൾ നബി(സ) തിരുമേനിക്ക് മുന്നിൽ അവതരിപ്പിച്ച വീക്ഷണഗതിയെ തിരുനബി(സ) നിഷേധിക്കുകയുണ്ടായില്ല.(പേജ് : 63,64)

അറബി ഭാഷയിൽ മറ്റ് ഭാഷകളെപ്പോലെതന്നെ കേവലാക്ഷരങ്ങൾ(ഉദാ: MBBS, Phd, etc...) ഉപയോഗിക്കാറുണ്ടായിരുന്നുവെന്ന് പുരാതന അറബി സാഹിത്യം തെളിവ് നൽകുന്നു. (പേജ് : 69, 70)

മാത്രമല്ല ഒരോ സൂറത്തിലും ഇത്തരം അക്ഷരങ്ങൾക്ക് ശേഷം ഖുർആൻ സമ്പൂർണമാണെന്ന പ്രഖ്യാപനവും സംശയാനീതമാണെന്നും കാണാം. അതുകൊണ്ട് തന്നെ ഇത്തരം അക്ഷരങ്ങൾ അർഥ രഹിതമാണെന്ന് ചിലരുടെ അഭിപ്രായം തികച്ചും തെറ്റാകുന്നു. (പേജ് : 67,68)

1) കേവലാക്ഷരങ്ങൾ ദൈവിക ഗുണങ്ങളെ വെളിപ്പെടുത്തുന്നു. ഓരോ അക്ഷരവും പ്രസ്തുത സൂറത്തിൽ പരാ** ചിട്ടുള്ള സ്വിഫത്തിലേക്കാണ് അത് സൂചന നൽകുന്നത്.

2) ഈ കേവലാക്ഷരങ്ങൾ, അക്ഷരങ്ങളുടെ തുകയിലേക്കും സൂചന നൽകുന്നു. (പേജ് : 69)

**പുണ്യാത്മാക്കൾ**



ഹദ്റത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് (റ) എം.എ

ജനനം : 1894 ജൂൺ 19 (ലുധിയാനയിൽ)
വഫാത്ത് : 1955 ഡിസംബർ 7
പിതാവ് : ഹദ്റത് മാസ്റ്റർ ഖാദിർ ബഖ്ശ് സാഹിബ്(റ)

ഹ. മസീഹ് മൗഊദ്(അ)ന്റെ 313 സ്വഹാബാക്കളിൽ ഉൾപ്പെടുന്നു.

-ചുവന്ന മഷിത്തുള്ളികൾ വീണ ദൃഷ്ടാന്തത്തിൽ സാക്ഷിയായിരുന്ന ഹ. മൗലാനാ അബ്ദുല്ലാഹ് സാഹിബ് സനൗരി (റ), ദർദ് സാഹിബിന്റെ മാതൃസഹോദരൻ

- സബ് ജഡ്ജ് ആയി നിയമനം കിട്ടിയ സന്ദർഭത്തിലാണ് വഖ്ഫ് ചെയ്ത് ജമാഅത്തീ സേവനത്തിന് തയ്യാറാവുന്നത്.

- 1924 ഒക്ടോബർ 19 ന് ഇദ്ദേഹം ലണ്ടൻ ഇമാം ആയിരുന്ന കാലത്താണ് മസ്ജിദ് ഫദ്ൽന് ഹ. മുസ്ലിഹ് മൗഊദ്(റ) തറക്കല്ലിടുന്നത്. പിന്നെ ഇദ്ദേഹത്തിന്റെ കാലത്ത് തന്നെ 1926 ഒക്ടോബർ 3 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു.

- 1927 ൽ കേന്ദ്രത്തിൽ തിരിച്ചെത്തി. 1933 ൽ വീണ്ടും ലണ്ടൻ ഇമാമായി നിയമിക്കപ്പെട്ടു. (1939-വരെ)

- സേവനങ്ങൾ

ദീർഘകാലം ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രൈവറ്റ് സെക്രട്ടറി ആയിരുന്നു.

- കൂടാതെ നാസിർ തഅ്ലീം തർബിയ്യത്ത്, നാസിർ ഉമൂർ ആമ/ ഖാരിജയും ആയിരുന്നു.

- ഹദ്റത് മുസ്ലിഹ് മൗഊദ്(റ) കശ്മീർ കമ്മിറ്റി പ്രസിഡന്റ് ആയിരുന്നപ്പോൾ ദർദ് സാഹിബായിരുന്നു സെക്രട്ടറി. (1931)

- മുഹമ്മദ് അലി ജിന്നയെ വീണ്ടും രാഷ്ട്രീയത്തിൽ ഇറക്കുന്നതിലും മൗലാനാ ദർദ് സാഹിബിന് പങ്കുണ്ടായിരുന്നു. ഒരിക്കൽ ജിന്ന അതേകുറിച്ച് പറഞ്ഞത്. “The eloquent persuation of the Imam left me no escape.” എന്നായിരുന്നു.

**ഗ്രന്ഥങ്ങൾ / പ്രസിദ്ധീകരണങ്ങൾ**

- Life of Ahmed(A), ഇസ്ലാമി ഖിലാഫത്ത്, മുസൽമാൻ ഔരത്ത് കാ ബുലന്ദ് ശാൻ, ബാനിയെ സിൽസില അഹ്മദിയ്യാ ഔർ അംഗ്രേസ് ഇസ്ലാമീ ആൽബം, അൽഹുദാ, സ്പെയ്ൻ ചരിത്രം, etc.......

- ഹദ്റത് മുസ്ലിഹ് മൗഊദ്(റ) ജനാസ നമസ്കാരത്തിന് നേതൃത്വം നൽകി.

- ബഹിശ്തി മഖ്ബറ (റബ്വ)യിൽ അന്ത്യവിശ്രമം

- രണ്ട് ഭാര്യമാരിൽ 6 ആൺ മക്കളും 8 പെൺ മക്കളും.

വനിതാരംഗം

# ഖുർആൻ പഠിക്കുക, മക്കളെ പഠിപ്പിക്കുക

– ഹദ്റത് സയ്യിദ: മർയം സ്വിദ്ദീഖ സാഹിബ (റ:അ)

**1967 ലെ ലജ്ന ജൽസാ സാലാനക്ക് അയച്ച സന്ദേശത്തിൽ നിന്ന്**

എന്റെ വളരെ പ്രിയം നിറഞ്ഞ സഹോദരിമാരേ!

അല്ലാഹു, ഹദ്റത് മസീഹ് മൗഊദ്(അ)നെ എഴുന്നേൽപ്പിച്ചതിന്റെ ഉദ്ദേശ്യം, അദ്ദേഹത്തെ ഇൽഹാമിലൂടെ അറിയിച്ചത് **യുഹ്‌യിദ്ദീന വ യുഖീമുശ്ശരീഅ** അതായത് വരാനുള്ള വാഗ്ദത്ത മസീഹ് ഇസ്‌ലാമിനെ ജീവൽ മതമെന്ന് സ്ഥാപിക്കുകയും, ഖുർആൻ ശരീഅത്തിനെ ലോകത്ത് നടപ്പിൽ വരുത്തുകയും ചെയ്യുമെന്നാണ്.

ഈ ലക്ഷ്യം ഹദ്റത് മസീഹ് മൗഊദ്(അ) മുഖേന വളരെ വ്യക്തമായ രീതിയിൽ പൂർത്തിയായതിന് ഏതെങ്കിലും തെളിവുകളുടെ ആവശ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ), നമ്മുടെ ദൈവം ജീവൽ ദൈവമാണെന്നും, നബി തിരുമേനി(സ) ജീവൽ പ്രവാചകനാണെന്നും, വിശുദ്ധഖുർആൻ ജീവൽ ഗ്രന്ഥമാണെന്നും തെളിയിച്ചിരിക്കുന്നു.............

മക്കളുടെ ശിക്ഷണത്തിൽ ഒരു വലിയ പങ്ക് സ്ത്രീയുടേതാണ്. നമ്മുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും ഖുർആന്റെ ഭരണമാവുകയും നമ്മുടെ മക്കൾ ഖുർആനിക അധ്യാപനമനുസരിച്ച് ജീവി ക്കുന്നവരുമാണെങ്കിൽ, നമ്മുടെ മാതൃക കണ്ട് ഇസ്‌ലാമിക അധ്യാപനങ്ങളിലേക്ക് തിരിയാൻ ജനങ്ങൾ എത്രയും വേഗം നിർബന്ധിതരാവുന്നതാണ്. ഹദ് റത് മസീഹ് മൗഊദ്(അ) ഏതൊരു പുതിയ ഭൂമിയും ആകാശവും ഉണ്ടാക്കാനാണോ ആഗതരായത് അത് സ്ഥാപിതമാകുന്നതാണ്.

അതുകൊണ്ട് എന്റെ പ്രിയസഹോദരിമാരേ, മുഴുവൻ ശ്രദ്ധയും കൊടുത്ത് വിശുദ്ധഖുർആൻ പഠിക്കാനും, തർജുമ പഠിക്കാനും, മക്കൾക്ക് പഠിപ്പിക്കാനും ശ്രമിക്കുക, ഇതാണ് നമ്മുടെ ഏറ്റവും വലിയ ജോലി. വിശുദ്ധഖുർആൻ പഠിക്കുന്നതിലൂടെ മാത്രമേ, ശരീഅത്ത് നിലനാട്ടാനുള്ള ലക്ഷ്യം പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (അയ്യദഹു) കഴിഞ്ഞ ഒന്നര വർഷമായി, ഒരു പുരുഷനും,സ്ത്രീയും, ആൺകുട്ടിയും, പെൺകുട്ടിയും വിശുദ്ധഖുർആൻ പാരായണം ചെയ്യാൻ അറിയാത്തവരായി ഉണ്ടാവരുത് എന്നതിലേക്ക് ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

പാരായണം ചെയ്യാൻ അറിഞ്ഞാൽ, തർജുമ പഠിക്കേണ്ടതും, അവരുടെ കടമയാണ്. നിങ്ങളുടെ ഏറ്റവും വലിയ ലക്ഷ്യം. വിശുദ്ധ ഖുർആന്റെ പ്രകാശത്തെ ലോകത്ത് മുഴുവൻ പരത്താൻ നമ്മുടെ ഇമാമിന്റെ, ഖലീഫയുടെ വലംകൈ ആവുക എന്നതാണ്. അല്ലാഹു എനിക്കും നിങ്ങൾക്കും ഖുർആൻ പഠിക്കാനും പഠിപ്പിക്കാനും അതിന്റെ അധ്യാപനങ്ങളനുസരിച്ച് ജീവിച്ചുകൊണ്ട് ദൈവപ്രീതി കരസ്ഥമാക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ

(ഹദ്റത് സയ്യിദ മർയം സ്വിദ്ദീഖ് (റ:അ), ഹ. മുസ്‌ലിഹ് മൗഊദ്(റ)ന്റെ ധർമ പത്നിയും ദീർഘകാലം പാക്കിസ്ഥാൻ ലജ്ന സദ്ർ ഉം ആയിരുന്നു.)

# ദൈവിക വചനങ്ങൾ വിശുദ്ധ ഖുർആൻ മാത്രം

– ഹ. മുസ്‌ലിഹ് മൗഊദ്(റ)

വിശുദ്ധ ഖുർആൻ മാത്രമേ കലാമുല്ലാഹ് (ദൈവിക വചനങ്ങൾ) എന്ന് പറയപ്പെടാൻ കഴിയൂ. മറ്റ് ഗ്രന്ഥങ്ങൾ ഇൽഹാമീ ആണെങ്കിലും കലാമുല്ലാഹ് അല്ല. കാരണം അതിൽ മനുഷ്യ വചന



ങ്ങളും ചേർന്നിട്ടുണ്ട്. **അലിഫ് മുതൽ യ വരേയും ബിസ്മില്ലാഹ് മുതൽ വന്നാസ്** വരേയും പൂർണമായും ദൈവിക വചനങ്ങൾ പരിശുദ്ധ ഖുർആൻ മാത്രമാണ്. ഈ ഗ്രന്ഥം അവതരിച്ചു തുടങ്ങിയ സമയം മുതൽ നമ്മുടെ കാലംവരേയും അതേപടിതന്നെയാണ്. ഒരു പദം പോലും കൂടുകയോ കുറയുകയോ, ഏതെങ്കിലും കൽപ്പന പ്രാവർത്തികമാകാതാവുകയോ ഏതെങ്കിലും ആയത്ത് കാലഹരണപ്പെടുകയോ ചെയ്തിട്ടില്ല. ഓരോ അനക്കമടക്കവും അതേ പടി ഉണ്ട്. ഇതല്ലാതെ മറ്റൊരു ഗ്രന്ഥവും വഴിവിളക്കായി നിജപ്പെടുത്താൻ സാധ്യമല്ല. ഇതിൽ നിന്ന് അവ്യക്തമായ ഒരു ആജ്ഞയും കിട്ടുന്നതല്ല.

(തഫ്സീർ കബീർ ആമുഖ്)

വിശുദ്ധ ഖുർആൻ കലാമുല്ലാഹ് എന്ന പേരിൽ ഏകമാണ് കഅ്ബ ബയ്തുല്ലാഹ് എന്ന പേരിൽ മറ്റ് ഭവനങ്ങളിൽ നിന്ന് വ്യതിരിക്തമായത് പോലെ, അല്ലാഹു കഅ്ബയെ ബയ്തുല്ലാഹ് ആയും, വിശുദ്ധ ഖുർആനെ കലാമുല്ലാഹ് ആയും പ്രഖ്യാപിച്ചിരിക്കുന്നു.

(ഫദാഇലുൽ ഖുർആൻ)




**ചോദ്യം : നമസ്കാരത്തിൽ സൂറത്തുകളുടെ ക്രമം നിലനിർത്തേണ്ടതുണ്ടോ?**

മറുപടി : തുടർന്നുവരുന്ന നടപടിക്രമം, ഒരു നമസ്കാരത്തിൽ സൂറത്തുകളുടെ ക്രമം നിലനിർത്തുന്നു എന്നതാണ്. ഈ നിബന്ധന ഒരു നമസ്കാരത്തിനാണ്. അല്ലാതെ ഒരു ദിവസം അനുഷ്ഠിക്കുന്ന നമസ്കാരങ്ങളിൽ ക്രമാനുഗതമാകണമെന്നല്ല.

വിശുദ്ധഖുർആൻ ഇറങ്ങിയ അതേ ക്രമത്തിലല്ല, വിശുദ്ധ ഖുർആന്റെ ഇന്നുള്ള രൂപം എന്നത് സർവാഗീകൃതമാണ്. അതിന്റെ അവതരണം ആവശ്യാനുസൃതമായിരുന്നു. എന്നാൽ അതോടൊപ്പം തന്നെ, ഹദ്റത് ജിബ്‌രീൽ(അ), ഇന്ന സൂറത്ത് ഇന്ന സ്ഥലത്ത് വെക്കണമെന്ന് നബി (സ)ന് നിർദ്ദേശം നൽകിയിരുന്നു. ഉദാഹരണമായി, അവസാന ജുസുഅ്ലെ സൂറത്തുകൾ ആദ്യകാലത്ത് അവതരിച്ചവയാണ്. എന്നാൽ ആദ്യത്തിലുള്ള സൂറത്തുൽ ബഖറ മദീനയിലാണ് ഇറങ്ങിയത്. ഈ ക്രമം, വിഷയങ്ങളുടേയും, ആശയങ്ങളുടേയും അടിസ്ഥാനത്തിൽ ഏറ്റവും ഉചിതമാണ്. ഇതിലും ഉചിതമായ മറ്റൊരു രൂപവും കാണപ്പെടുന്നില്ല. അതുകൊണ്ട് തന്നെ, ഇന്നുള്ള ക്രമം, അവതരണ ക്രമമല്ല എന്ന് പറഞ്ഞ് അവഗണിക്കാൻ സാധ്യമല്ല. അവതരണ ക്രമവും, ഇന്നുള്ള ക്രമവും രണ്ടും അല്ലാഹുതന്നെയാണ് നൽകിയത്. അതുകൊണ്ട്, അഹ്മദിയ്യാ ജമാഅത്തിൽ നിലവിലുള്ള രീതി, നമസ്കാരത്തിന്റെ റക്അത്തുകളിൽ, ഈ ക്രമം പാലിക്കുന്നുവെന്നാണ്. എന്നാൽ എന്തെങ്കിലും പ്രത്യേക കാരണം കൊണ്ടോ, മറവികൊണ്ടോ ഈ ക്രമം തെറ്റിയാൽ അതൊരു പാപമല്ല. കാരണം നബി (സ)ന്റെ കാലത്ത്, ഒരു സ്ഥലത്ത് ഇമാമായിരുന്ന ഒരു സ്വഹാബി എല്ലാ റക്അത്തിലും വിശുദ്ധ ഖുർആന്റെ ഏതെങ്കിലും ഭാഗം പാരായണം ചെയ്യുന്നതിന് മുമ്പേ സൂറ: ഇഖ്ലാസ് ചൊല്ലുമായിരുന്നു. നബി(സ)ന്റെ സവിധത്തിൽ ഈ സംഗതി എത്തിയപ്പോൾ, തിരുമേനി(സ) അദ്ദേഹത്തോട് ഇങ്ങിനെ ചെയ്യുന്നതിന്റെ കാരണം അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു, എനിക്ക് അല്ലാഹുവിന്റെ ഏകത്വം വളരെ പ്രിയപ്പെട്ടതാണ്. അതുകൊണ്ട് തന്നെ സൂറ ഇഖ്ലാസ് ഒഴിവാക്കാൻ എനിക്ക് സാധ്യമല്ല. ആയതിനാൽ ഞാൻ ഈ സൂറത്ത് ആദ്യം ചൊല്ലുന്നു. ഇത് കേട്ടപ്പോൾ നബി(സ) സന്തോഷത്തോടെ പ്രതിവചിച്ചു, അതേ, താങ്കൾ അങ്ങിനെ തന്നെ ചെയ്തുകൊള്ളുക.

ചുരുക്കത്തിൽ ക്രമം അതേപടി തുടർന്നേ പറ്റൂമായിരുന്നുവെങ്കിൽ നബി(സ) ആ സ്വഹാബിയെ വിലക്കുമായിരുന്നു.

(മജ്‌ലിസ് ഇർഫാൻ 19-07-1986
മസ്ജിദ് ഫദ്ൽ ലണ്ടൻ)
അവ: അന്നസ്ർ വീക്ക്‌ലി.
വിവ: അസുസ്വബാഹ്

## കുരിശേന്തിയ വ്യാഖ്യാനം
## നാസിഖ് മൻസൂഖ്

### പാതിരി ഫെണ്ടർ എഴുതുന്നു:

ഏതെങ്കിലും വാക്യം മുഹമ്മദ് ചൊല്ലിക്കൊടുക്കുകയും മറ്റുള്ളവർ എഴുതിയെടുക്കുകയും ചെയ്യുമ്പോൾ തന്നെ ഭക്തിയുള്ള മുസ്‌ലിംകൾ അവ മനഃപാഠമാക്കിയിരുന്നു. എന്നാൽ പാരമ്പര്യത്തെ നമുക്ക് വിശ്വസിക്കാമെങ്കിൽ, ഇത് സംഭവിക്കുന്നതിന്ന് മുൻപുതന്നെ ചില വാക്യങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്................

അരുളി ചെയ്യപ്പെട്ട ഖുർആനിൽ മൂലകുടിയെ നിരോധിക്കുന്ന പ്രസിദ്ധമായ 10 വാക്യങ്ങൾ ഉണ്ടായിരുന്നു. പിന്നീട് പ്രസിദ്ധരായ അഞ്ച് വ്യക്തികളാൽ അവ റദ്ദാക്കപ്പെട്ടു....... എന്നാൽ ഇന്നത്തെ ഖുർആൻ പാഠത്തിൽ അവ കാണുന്നില്ല.........

കല്ലേറിയലിന്റെ വാക്യം ഇപ്രകാരമാണ്

വൃദ്ധനും വൃദ്ധയും വ്യഭിചാരം ചെയ്തിട്ടുണ്ടെങ്കിൽ ഇരുവരേയും തീർച്ചയായും കല്ലെറിയണം. .....എന്നാൽ ഈ വാക്യം ഇപ്പോൾ ഖുർആൻ പാഠത്തിൽ കാണുന്നില്ല. അതിനു പകരമായി സൂറ:24:15-ൽ ഈ കുറ്റത്തിനുള്ള ശിക്ഷ 100 ചാട്ടവാറടിയാണ്.

മുഹമ്മദിന്റെ ദൈവീക നിയോഗത്തിന്റെ തെളിവാണോ, അല്ലയോ ഖുർആൻ എന്ന് പരിഗണിക്കുമ്പോൾ, ചില മുസ്‌ലിം പണ്ഡിതന്മാർ ഇപ്രകാരമുള്ള പ്രസ്താവനകൾ നൽകുകയും അവയെ സമർഥിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ള കാര്യം ശ്രദ്ധിക്കാതിരിക്കുവാൻ ഞങ്ങൾക്ക് നിർവാഹമില്ല.

(മീസാഹൽ ഹഖ് മൂന്നാംഭാഗം പേജ്: 51,52,54)

### മൗലാനാ മൗദൂദി എഴുതുന്നു:

ഖുർആനിലെ നസ്ഖ് യഥാർഥത്തിൽ വിധികളുടെ അനുക്രമത്തിന്റെ അടിസ്ഥാനത്തിലാണ്.

(തർജുമാനുൽ ഖുർആൻ മെയ് ജൂൺ 1954)

### ഐ.പി. എച്ച് വിശദീകരണം:

സമൂഹത്തിന്റെ വളർച്ചക്കും പുരോഗതിക്കും അനുസൃതമായി ഖുർആൻ നിയമനിർമ്മാണത്തിൽ നടത്തിയ ക്രമീകരണം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. ഈ പ്രക്രിയയിൽ ചിലപ്പോൾ, ചില നിയമങ്ങൾ ദുർബ്ബലപ്പെടുത്തുകയും പകരം പുതിയ നിയമനിർമ്മാണം നടത്തുകയും ചെയ്യേണ്ടിവരികയുണ്ടായി. ഇസ്‌ലാമിക സാമൂഹ്യ ക്രമം പ്രായോഗികമായി വിജയിക്കാനുള്ള മുഖ്യ കാരണങ്ങളിലൊന്നാണിത്. ഇങ്ങനെ ആദ്യം നല്കപ്പെട്ട ഏതെങ്കിലും നിർദ്ദേശത്തെയോ, അനുവാദത്തെയോ, നിരോധത്തെയോ റദ്ദാക്കി മറ്റൊരു നിയമം പകരം വെക്കുന്നതിന്റെ പേരാണ് നസ്ഖ്, നസ്ഖ് ഖുർആൻ സ്വയം അംഗീകരിച്ച യാഥാർത്ഥ്യമാണ്.

നാം വല്ല സൂക്തത്തെയും ദുർബ്ബലപ്പെടുത്തുകയോ മറപ്പിച്ചു കളയുകയോ ചെയ്യുകയാണെങ്കിൽ അതിനേക്കാൾ ഉത്തമമായതോ അതുപോലുള്ളതോ നാം കൊണ്ടുവരും. അല്ലാഹു എല്ലാറ്റിനും കഴിയുന്നവനാണെന്ന് നിനക്കറിഞ്ഞുകൂടേ? (2:106)

ഇപ്രകാരം നസ്ഖിനു വിധേയമായ സൂക്തങ്ങളിൽ ഒന്നുപോലും മൗലിക വിശ്വാസ പ്രമാണങ്ങളെ ബാധിക്കുന്നതല്ലെന്നത് ശ്രദ്ധേയമാണ്. വിശുദ്ധ ഖുർആനിൽ പ്രവാചകൻ ഒരല്പവും കൈകടത്തിയിരുന്നില്ലെന്നതിന് മറ്റൊരു തെളിവു കൂടിയാണിത്. കാരണം, അദ്ദേഹത്തിന് യഥേഷ്ടം മാറ്റാവുന്ന ഗ്രന്ഥമായിരുന്നു ഖുർആനെങ്കിൽ, തന്റെ ഒടുവിലത്തെ മൊഴികളല്ലാതെ, താൻ തന്നെ ദുർബ്ബലപ്പെടുത്തിയ സൂക്തങ്ങൾ അതിൽ അവശേഷിക്കുമായിരുന്നില്ലല്ലോ.

(യുക്തിവാദികളും ഇസ്‌ലാമും by H. അബ്ദുർറഹ്മാൻ ഐ.പി.എച്ച് പ്രസിദ്ധീകരണം)

### സഊദി അറേബ്യയുടെ ഫത്‌വ:

വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമമായോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞുകൂടെ അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാണെന്ന്. (അൽബഖറ: 106)

അല്ലാഹുവാണ് സൃഷ്ടികളുടെ മനോഗതവും സ്വഭാവങ്ങളും സൂക്ഷ്മമായി അറിയുന്നവൻ. സ്വന്തം ഹിതപ്രകാരം തന്റെ ആജ്ഞാനിർദ്ദേശങ്ങൾ അവൻ ഭേദഗതി ചെയ്യുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നു. അല്ലാഹുവിന്റെ ഏത് തീരുമാനവും ആത്യന്തിക വിശകലനത്തിൽ സൃഷ്ടികൾക്ക് ഗുണകരമായിരിക്കും.

(അവലംബം: വിശുദ്ധഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ, പേ-42, ചെറിയ മുണ്ടം അബ്ദുൽ ഹമീദ്, കുഞ്ഞി മുഹമ്മദ് പരപ്പൂർ, പരിശോധന: കെ.പി. മുഹമ്മദ്ബിൻ അഹ്മദ്, അച്ചടി: മലിക് ഫഹദ് ഖുർആൻ പ്രിന്റിംഗ് പ്രസ്സ് സഊദി അറേബ്യ, വിതരണം: സഊദി അറേബ്യ)

### അവിഭക്ത മുജാഹിദ് പ്രസ്ഥാനം:

ഖുർആനിൽ തീരെ നസ്ഖ് ഇല്ലെന്ന് പറയുന്നത് ശരിയല്ല. വിശദീകരണത്തിലും ഉദാഹരണത്തിലും അഭിപ്രായ വ്യത്യാസമുണ്ടാകുമെങ്കിലും ഖുർആനിൽ നസ്ഖ് ഉണ്ടെന്നുള്ളത് തർക്കമറ്റതാകുന്നു.

നസ്ഖ് എന്നാൽ നീക്കം ചെയ്യുക, പകർത്തുക എന്നൊക്കെയാണ് ഭാഷാർത്ഥം. ഒരു മതവിധിക്ക് ആസ്പദമായ തത്ത്വം അവസാനിക്കുമ്പോൾ, ആ വിധി ദുർബലപ്പെടുത്തി തൽസ്ഥാനത്ത് മറ്റൊരു വിധി കൊണ്ടുവരിക എന്നാണതുകൊണ്ട് വിവക്ഷിതം. ആയത്ത് എന്നാൽ, അടയാളം, ദൃഷ്ടാന്തം, ചിഹ്നം എന്നൊക്കെ വാക്കർത്ഥമാകുന്നു.

മതവിധികൾ നസ്ഖ് ഉണ്ടാവണമെന്നും ഉണ്ടായിട്ടുണ്ടെന്നും മറ്റുള്ളതിൽ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായവ്യത്യാസമില്ല. ഖുർആനിൽ തന്നെയും നസ്ഖ് ചെയ്യപ്പെട്ട (വിധി ദുർബലപ്പെടുത്തപ്പെട്ട) ചുരുക്കം ആയത്തുകൾ ഉണ്ടെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടേയും അഭിപ്രായം. വസ്തുതാപരമായി നോക്കുമ്പോൾ ഇതുതന്നെയാണ് ശരിയായ അഭിപ്രായവും. (അവലംബം: വിശുദ്ധഖുർആൻ വിവരണം, അമാനി മൗലവി, വാല്യം-1, പേ-77, 226,227 നാലാം പതിപ്പ്, പ്രസാധനം: കെ.എൻ.എം)

**എന്നാൽ**
**കാലഹരണപ്പെടാത്ത**
**ഖുർആൻ അഹ്മദി മുസ്‌ലിംകൾക്ക് മാത്രം!**

### ഹദ്റത് അഹ്മദ്(അ) പറയുന്നു:


വിശുദ്ധഖുർആൻ തുടർച്ചായി സംരക്ഷിക്കപ്പെട്ടുപോരുന്നു. അതിന്റെ ഒരു വാക്കോ, പുള്ളിയോ പോലും അങ്ങോട്ടോ, ഇങ്ങോട്ടോ ആകാവതല്ല. ആയിരക്കണക്കിന്, ലക്ഷക്കണക്കിന് വിശുദ്ധ ഖുർആൻ ഹാഫിസുമാർ എല്ലാ രാജ്യത്തും എല്ലാ സമൂഹത്തിലും ഉണ്ട്. അവർ തമ്മിൽ പരസ്പരം ഐക്യവുമുണ്ട്. എപ്പോഴും ഓർമിച്ചു കൊണ്ടിരിക്കുന്നു. കേൾപ്പിക്കുകയും ചെയ്യുന്നു.

(അൽഹക്കം 18-2-1906)

അടുത്ത ലക്കത്തിൽ
ജന്നത്ത് അഥവാ സ്വർഗം


# ഖുർആന്റെ സംരക്ഷണം :
# എതിരാളികൾ സാക്ഷ്യം വഹിക്കുന്നു

### നോൾഡീക്ക്




ഉസ്മാന്റെ ഖുർആനിൽ മൂല വെളിപാടുകളല്ലാതെ മറ്റൊന്നും തന്നെയില്ല. ചിലപ്പോഴാകട്ടെ അത്ഭുതകരമായ ക്രമത്തിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. പിൽക്കാലത്ത് ഖുർആനിൽ കൂട്ടിച്ചേർപ്പുകൾ ഉണ്ടായിട്ടുണ്ടെന്ന് തെളിയിക്കാനുള്ള യൂറോപ്യൻ പണ്ഡിതന്മാരുടെ ശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത്. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക)

### എഡ്വേർഡ് ലെയിൻ



കലർപ്പില്ലായ്മയെ സംബന്ധിച്ചിടത്തോളം യാതൊരു സംശയത്തിനും അവകാശമില്ലെന്നത് ഖുർആന്റെ ഒരു വലിയ ശ്രേഷ്ഠതയാകുന്നു. ദൈവവാക്യം മുഹമ്മദിനു ലഭിച്ചു. അദ്ദേഹം അത് ഘോഷിച്ചു. ഏതാണ്ട് പതിമൂന്ന് നൂറ്റാണ്ടുകാലം അത് മാറ്റമില്ലാതെ നില നിന്നുവന്നിട്ടുണ്ട്. പൂർണ വിശ്വാസത്തോടെ അതേ വാക്യങ്ങൾ തന്നെ നമുക്കിന്നു വായിക്കാവുന്നതാണ്. (Selections from Quran)

### സർ വില്യം മൂയിർ



പന്ത്രണ്ടു നൂറ്റാണ്ടുകാലം മൂല കൃതി ഇത്രയേറെ സ്വച്ഛ രൂപത്തിൽ നിലനിന്ന മറ്റൊരു ഗ്രന്ഥം ലോകത്തില്ലെന്നു തന്നെ പറയാം........ മുഹമ്മദ് തന്നെ സംഭാവന ചെയ്തതും ഉപയോഗിച്ചതുമായ അതേ മൂല കൃതി തന്നെയാണ് നമ്മുടെ വശമുള്ളതെന്ന് വിശ്വസിക്കാവുന്നതരത്തിൽ ബാഹ്യവും ആന്തരികവുമായഎല്ലാ സംരക്ഷണവും ഇവിടെ കാണാം. ഖുർആനിലെ ഓരോ സൂക്തവും അസ്സലായിട്ടുള്ളതും വ്യത്യാസലേശമന്യേ മുഹമ്മദിന്റെ തന്നെ നിർബന്ധവുമാണെന്ന് നമുക്ക് ഉറപ്പാക്കാൻ കഴിയും.

(The Life of Muhammad പേജ് : 23-28)

വാഗ്ദത്ത മസീഹിന്റെ
കത്തുകൾ

## തന്റെ മുന്നിൽ കുനിയുന്നവരെ അല്ലാഹു വ്യർഥമാക്കുകയില്ല

(ഹദ്റത് ഹാജി സേഠ് അല്ലാ രഖാ അബ്ദുർറഹ്മാൻ സാഹിബ് മദ്രാസി(റ) ന് എഴുതിയ കത്ത്)

മഖ്ദൂമീ മുക്റമീ അഖ്വീം സേഠ് സാഹിബ് സല്ലമഹു!

السلام علیکم ورحمۃ اللہ وبرکاتہ

താങ്കളുടെ കത്ത് കൈപ്പറ്റി.

ശരിയായിവന്ന സംഗതിക്ക് കോട്ടം തട്ടുമ്പോൾ ജീവിത സാഹചര്യങ്ങൾ കുറയുകയോ, ഇല്ലാതാവുകയോ ചെയ്യുന്ന അവസ്ഥയിൽ മനുഷ്യന് ദുഃഖം വരുന്നു എന്നത് യാഥാർഥ്യമാണ്. എന്നാൽ അത് ഭംഗം വരുത്തിയവൻ തന്നെ ശരിയാക്കാനും കഴിവുള്ളവനാണ്.

ചുരുക്കത്തിൽ, ലോകത്തിൽ വ്യണിതഹൃദയർക്കും , നാശത്തിലേക്ക് വീണവർക്കും സന്തോഷിക്കാനുള്ള ഒരേ ഒരു മാർഗം പ്രതാപവാനായ ദൈവത്തിൽ ദൃഢമായി വിശ്വസിക്കുകയാണ്. അതായത്, അവൻ ഒരു നിമിഷം കൊണ്ട് സിംഹാസനത്തിൽ നിന്ന് നിന്ദ്യതയുടെ മണ്ണിലേക്ക് തള്ളിയിടാനും, അതേപോലെതന്നെ മണ്ണിൽ നിന്ന് ഒരു നിമിഷം കൊണ്ട്തന്നെ സിംഹാസനത്തിലേറ്റാനും കഴിവുള്ളവനാണ്. ഇവിടെ എന്തുകൊണ്ട്, എങ്ങിനെ എന്ന് പറയുന്നത് നിഷേധമാണ്. ഇത്തരം ധാരണകൾക്കുള്ള മറുപടി, ഒരു തുള്ളി രേതസ്കണത്തിൽ നിന്ന് അവൻ മനുഷ്യനെ സൃഷ്ടിക്കുന്നു എന്നാണ്. അലം തഅ്ലം അന്നല്ലാഹ അലാ കുല്ലി ശഅ്ഇൻ ഖദീർ.

അന്ധതയും, സംശയവും, ദുർധാരണയും കാരണമാണ് എല്ലാ ദുഃഖങ്ങളും ഉണ്ടാവുന്നത്. നമ്മുടെ ദൈവം അതിശയകരമായ കഴിവുള്ള രാജാവാകുന്നു. എന്ത് ആഗ്രഹിച്ചാലുംഅത് ചെയ്യുന്നു. അവന് മുന്നിൽ ഒരു കാര്യവും അസാധ്യമല്ല.

ദൃഢജ്ഞാനത്തിന്റെ മാധുര്യം ഉണ്ടായിക്കഴിഞ്ഞാൽ മനുഷ്യൻ ലൗകികത തേടാനുള്ള ആഗ്രഹത്തെ സ്വയം ഒഴിവാക്കുന്നതാണ്. കാരണം അതിലും വലിയ ഒരു ആനന്ദവും ഇല്ല. യഥാർഥ ദൈവം ഉണ്ടെന്നും, യഥാർഥത്തിൽ അവൻ ആഗ്രഹിക്കുന്നത് ചെയ്യാൻ കഴിവുള്ളവനാണെന്നും പരീക്ഷിച്ചറിയുക. കരീമും റഹീമുമായ അവൻ, തന്റെ സവിധത്തിൽ വീഴുന്നവരെ ഒരിക്കലും വ്യർഥമാക്കാറില്ല.

വസ്സലാം
വിനീതൻ
മിർസാ ഗുലാം അഹ്മദ്

7 ജൂലൈ 1902

## യൂറോപ്യൻ പുരോഗതിയും ഖുർആനും

**യൂറോപ്പിന്റെ വർത്തമാനകാല ശാസ്ത്ര പുരോഗതി മുസ്‌ലിം സ്പെയ്നിനോടും മുസ്‌ലിം സ്പെയ്നിലെ പണ്ഡിതന്മാരോടും ചിന്തകരോടും കടപ്പെട്ടിരിക്കുന്നു. മുസ്‌ലിം സ്പെയ്നിന് ഈ വിജ്ഞാനം ബഗ്ദാദിൽ നിന്നും, ബഗ്ദാദിന് മദീനയിൽ നിന്നുമാണ് കിട്ടിയത്. മദീനക്ക് അത് നബിതിരുമേനി(സ)ൽ നിന്നും, തിരുമേനി(സ)ന് വിശുദ്ധഖുർആനിൽ നിന്നുമാണ് കരഗതമായത്. നബി(സ)ന്റെ ഒരു ഹദീസ് പറയുന്നു: മദീനയെ വിശുദ്ധഖുർആൻ കൊണ്ടാണ് കീഴടക്കിയത്.**



**ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)**
**(ബദ്ർ 23-6-1994)**

### ആരോഗ്യം


## എല്ലാ തേനും എല്ലാ രോഗത്തിനും പ്രതിവിധിയല്ല

- ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) -

يَخْرُجُ مِنْۢ بُطُوْنِهَا شَرَابٌ مُّخْتَلِفٌ اَلْوَانُهٗ فِيْهِ
شِفَآءٌ لِّلنَّاسِ ۗ اِنَّ فِيْ ذٰلِكَ لَاٰيَةً لِّقَوْمٍ يَّتَفَكَّرُوْنَ ۝٧٠

(16:70)

അതായത്, തേനീച്ചയുടെ വയറ്റിൽ നിന്ന് വിവിധ തരം തേനുകൾ ഉണ്ടാവുന്നു. അതിന് പല നിറങ്ങളുമാണ്. ഓരോ തരം തേനും ഓരോ പ്രത്യേകം രോഗത്തിന് ഗുണപ്രദമാണ്. തുടർന്ന് പറഞ്ഞത്, *ഇന്നഫീ ദാലിക്ക ല ആയത്തൻല്ലി ഖൗമിൻ യത്തഫക്കറൂൻ* എന്നാണ്. അല്ലാതെ, ഈ ആയത്തിന്റെ വെളിച്ചത്തിൽ ഏത് രോഗത്തിനും തേൻ കുടിപ്പിച്ചാൽ പ്രയോജനപ്പെടുമെന്നല്ല പറഞ്ഞത്. മറിച്ച്, അല്ലാഹു പറയുന്നു, നാം ഒരു സൂചന മാത്രമാണ് നൽകുന്നത്. ഇനി നിങ്ങൾ സ്വയം ചിന്തിച്ച് നോക്കണം. അങ്ങനെ ഇതേക്കുറിച്ചുള്ള ഗവേഷണഫലമായി മനസിലായത്, തേനീച്ച, ഏതുതരം വൃക്ഷത്തിൽ നിന്നാണോ തേനെടുക്കുന്നത്, ആ തേൻ കൊണ്ട് അതനുസരിച്ചുള്ള പ്രയോജനമാണ് ലഭിക്കുക എന്നാണ്. ഉദാഹരണമായി, ചില തേനീച്ചകൾ, വയറിളക്കത്തിന് നിദാനമായ സത്ത് ഉള്ള മരങ്ങളിൽ നിന്ന് തേനെടുക്കുന്നു. അത് കഴിച്ചാൽ വയറിളക്കമുണ്ടാകുന്നതാണ്. ചില ചെടികളിൽ മലേറിയയെ പ്രതിരോധിക്കാനുള്ള കഴിവുണ്ടായിരിക്കും. അത്തരം തേൻ കഴിച്ചാൽ മലേറിയക്കെതിരെ പ്രയോജനം ചെയ്യുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ, വിവിധതരം തേനുകൾ വിവിധതരം രോഗങ്ങൾക്ക് പ്രതിവിധിയാണ്.




അതുകൊണ്ട് വിശുദ്ധ ഖുർആൻ തേനിൽ പ്രയോജനമുണ്ടെന്ന് മാത്രമല്ല പറഞ്ഞത്, മറിച്ച് *ഇന്നഫീ ദാലിക്ക ല ആയത്തൻ ല്ലി ഖൗമിൻ യത്തഫക്കറൂൻ* എന്നും പറഞ്ഞു. അതായത്, നാം ഒരു സൂചനയാണ് നൽകുന്നത്. ഇനി അതിൽ ഗവേഷണം നടത്തേണ്ടത് നിങ്ങളുടെ ജോലിയാണ്. നിങ്ങൾ പര്യാലോചന നടത്തുകയാണെങ്കിൽ, വിവിധയിനം തേനുകൾ വ്യത്യസ്ത രോഗങ്ങൾക്ക് പ്രതിവിധിയാണെന്ന് മനസിലാവുന്നതാണ്.



ഞാൻ ലണ്ടനിൽ ചികിത്സക്ക് പോയ സമയത്ത് ഉണ്ടായ ഒരു സംഗതിയാണ്, അവിടെ ഒരു വലിയ കുടുംബത്തിലെ അധ്യാപികക്ക് ഇന്ത്യൻ വൈസ്രോയി ആയിരുന്ന ഇർവിൻ പ്രഭുവിന്റെ മാതാവുമായി നല്ല സൗഹൃദമായിരുന്നു. അവർ പറയുന്നത്,

ഇവരുടെ ഒരുപാട് കത്തുകൾ ഇപ്പോഴും അവരുടെ കയ്യിലുണ്ടെന്നാണ്. ഒരു ദിവസം അവർ ചില പ്രത്യേകതരം ചെടികളിൽ നിന്നെടുത്ത തേൻ കൊണ്ട്വന്ന് പറഞ്ഞു, താങ്കൾ ഈ തേൻ ഉപയോഗിച്ചു നോക്കുക, ഇത് താങ്കൾക്ക് വളരെ പ്രയോജനപ്പെടുന്നതാണ്. ഞാൻ പറഞ്ഞു, തേൻ എനിക്ക് അനുഗുണമല്ല. അവർ പറഞ്ഞു, ആസ്ട്രേലിയൻ തേൻ ഏതൊക്കെ സാധനങ്ങളുടേതാണെന്ന് പറയാൻ സാധ്യമല്ല. പക്ഷേ ഞങ്ങളുടെ നാട്ടിൽ രോഗശമനത്തിന് ഉതകുന്ന പ്രത്യേക ചെടികളിൽ നിന്നാണ് തേനെടുക്കുന്നത്.




അതുപോലെ, നമ്മുടെ പഴയകാല ഭിഷഗ്വരന്മാർ എഴുതുന്നു, മാങ്ങയിൽ നിന്ന് അതും ചില പ്രത്യേകതരം മാങ്ങയിൽ നിന്നുള്ള തേൻ ഹൃദയത്തെ ബലവത്താക്കാൻ നല്ലതാണ്. അതേപോലെ മറ്റ് ചില രോഗങ്ങൾക്കും പ്രയോജനപ്രദമാണ്. അതേ, തേൻ നല്ലതുതന്നെ, പക്ഷേ വിശുദ്ധ ഖുർആൻ പറയുന്നത്, ചിന്തിക്കുന്നവർക്കാണ് തേനിന്റെ പ്രയോജനങ്ങൾ മനസിലാവൂ എന്നാണ്. അതായത്, വിവിധയിനം തേനുകൾ വിവിധയിനം രോഗങ്ങൾക്ക് പ്രതിവിധിയാണ്.

വൈദ്യശാസ്ത്രത്തിന്റെ എത്ര മഹത്തായ അധ്യായമാണ് വിശുദ്ധ ഖുർആൻ ഒരു ചെറിയ സൂക്തത്തിലൂടെ വെളിപ്പെടുത്തിയിരിക്കുന്നത്.

( അവ: സേറെ റൂഹാനി, പേജ്: 684, 685)
സമ്പാ: അബൂ അതിയ

# ഡൽഹി പീസ്കോൺഫ്രൻസ്




അമോഘം ദാസ്
യൂത്ത് പ്രീച്ചർ ഇസ്കോൺ




പ്രൊഫ. ജി.കെ. പിള്ള
വൈസ് ചാർസിലർ ഇഗ്നൗ



മൗ.എം.ഇനാം ഗോരി
നാസിർ അഅ്‌ലാ



പ്രൊഫ: യശ്പാൽ
ചാൻസിലർ ജെ.എൻ.യു



ആരിഫ് മുഹമ്മദ്ഖാൻ
മുൻ കേന്ദ്രമന്ത്രി

## മസീഹ് മൗഊദ് ദിനയോഗങ്ങൾ

**കരുനാഗപ്പള്ളി:** മൗലവി സി. ഫാറൂഖ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേഖലാ മുബല്ലിഗ് മൗ. ടി. ശഫീഖ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി പി.പി. നാസിർ അഹ്മദ് സാഹിബ് ബയ്അത്ത് നിബന്ധനകൾ വായിച്ചു കേൾപ്പിച്ചു. മുനീബ് തിലാവത്തുൽ ഖുർആനും, ഫാരിസ് അഹ്മദ് സാഹിബ് പദ്യവും ചൊല്ലി.

**മണ്ണാർക്കാട് :** മേഖലാ അമീർ പ്രൊഫ. അബ്ദുൽ കരീം സാഹിബ് അധ്യക്ഷത വഹിച്ചു. എ.എ. മുസഫർ അഹ്മദ് സാഹിബ് തിലാവത്തും, കെ. മഹ്മൂദ് അഹ്മദ് സാഹിബ് പദ്യവും ചൊല്ലി. മൗലവി. എച്ച്. ശംസുദ്ദീൻ സാഹിബ് പ്രസംഗിച്ചു.

**ഐരാപുരം :** പ്രസിഡണ്ട് പി.കെ. ഷാഹുൽ ഹമീദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുബല്ലിഗ് മൗലവി കെ. നജ്മുദ്ദീൻ സാഹിബ് പ്രസംഗിച്ചു. ശാബിൻ അഹ്മദ് സാഹിബ് ബയ്അത്ത് നിബന്ധനകൾ കേൾപ്പിച്ചു.

**കണ്ണൂർ ടൗൺ:** പ്രാദേശിക അമീർ ബി. അബ്ദുസ്സലാം സാഹിബ് അധ്യക്ഷതവഹിച്ചു. മേഖലാ ഇൻചാർജ് മൗ. കെ. അബ്ദുസ്സലാം സാഹിബ്, പി.പി. നാസിർ അഹ്മദ് സാഹിബ്, മേഖലാ ഖാഇദ് ശാജിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

**കൊച്ചി:** പ്രസിഡന്റ് ജെ.എച്ച്. നാസിർ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുബല്ലിഗ് മൗലവി. സി. മുബശിർ അഹ്മദ് സാഹിബ് പ്രസംഗിച്ചു.

**മഞ്ചേശ്വരം:** മസ്ജിദിൽ സംഘടിപ്പിച്ച മസീഹ് മൗഊദ് ദിനയോഗത്തിൽ മൗലവി യു. അൻവർ അഹ്മദ് സാഹിബ് പ്രസംഗിച്ചു. പ്രസിഡന്റ് ഇബ്രാഹീം സാഹിബ് അധ്യക്ഷനായിരുന്നു.

**ചേലക്കര:** പ്രാദേശിക ഇസ്‌ലാഹോ ഇർശാദ് സെക്രട്ടറി ടി.അനസ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന മസീഹ് മൗഊദ് ദിനയോഗത്തിൽ മേഖലാ മുബല്ലിഗ് മൗലവി ടി. മുഹമ്മദ് മൻസിൽ സാഹിബ് പ്രസംഗിച്ചു.

**പാലക്കാട്:** വൈസ് പ്രസിഡണ്ട് താജുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്നയോഗത്തിൽ മൗ. ടി. മുഹമ്മദ് മൻസിൽ സാഹിബ് പ്രസംഗിച്ചു.

പത്തപ്പിരിയം: വൈസ് പ്രസിഡണ്ട് സി.കെ. അൻവർ സാദത്ത് സാഹിബിന്റെ അധ്യക്ഷതയിൽ മേഖലാ മുബല്ലിഗ് മൗലവി. പി. അബ്ദുന്നാസിർ സാഹിബ് മൗ.ടി.എം. അബ്ദുൽ മുജീബ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

**ആലപ്പുഴ:** ഇസ്‌ലാഹ് ഇർശാദ് സെക്രട്ടറി ടി.എച്ച്. അബ്ദുർറസാഖ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുബല്ലിഗ് മൗലവി. മുഹമ്മദ് നജീബ്ഖാൻ സാഹിബ് പ്രസംഗിച്ചു.

**ചുങ്കത്തറ:** ജോർജ് അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന നബിദിന മസീഹ് മൗഊദ് ദിനയോഗത്തിൽ മുഅല്ലിം മൗലവി സി. നാസിർ അഹ്മദ് സാഹിബ് പ്രസംഗിച്ചു. മുഹമ്മദ് അലി സാഹിബ് തിലാവത്തും ശരീഫ് സാഹിബ് പദ്യവും ചൊല്ലി.

## സംസ്ഥാന സമ്മേളനം കോഴിക്കോട്

**കോഴിക്കോട്:** അഹ്മദിയ്യ മുസ്‌ലിം സംസ്ഥാന സമ്മേളനം 2011 നവംബർ 12,13 തിയ്യതികളിൽ നടത്താൻ കേന്ദ്രം അനുമതി നൽകിയതായി കോഴിക്കോട് മേഖലാ അമീർ കെ.എം. അഹ്മദ്കോയ സാഹിബ് അറിയിച്ചു. നീണ്ട ഇടവേളയ്ക്ക് ശേഷം നടക്കുന്ന സംസ്ഥാന സമ്മേളനത്തിന്റെ നടത്തിപ്പിനുള്ള ഒരുക്കങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

## ജില്ലാ തർബിയ്യത്ത് പ്രോഗ്രാം

**കൽക്കുളം:** ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ചേർന്ന ജില്ലാ തർബിയ്യത്ത് യോഗത്തിൽ ജില്ലാ ഖാഇദ് പി.പി. മുസദ്ദിഖ് അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. ഇ.ഗ അൻവർ സ്വാഗതം പറഞ്ഞു. മധ്യമേഖലാ ഖാഇദ് ടി.കെ. മുഷ്താഖ് അഹ്മദ് സാഹിബ് ഉദ്ഘാടനം നിർവഹിച്ചു. കൽക്കുളം പ്രസിഡണ്ട് ടി.എ. അബ്ദുൽ ജലീൽ സാഹിബ്, മുഅല്ലിം ശൗകത്ത് അലി സാഹിബ് എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. മൗലവി. ടി.എം. അബ്ദുൽ മുജീബ് സാഹിബ് നമസ്കാരവും ധനത്യാഗവും എന്ന വിഷയത്തിൽ ക്ലാസെടുത്തു. ഖുത്ബ ക്വിസിൽ എ.കെ. സ്വബാഹ് സാഹിബ് ഒന്നാം സ്ഥാനം നേടി.

## സക്കാത്ത് ക്ലാസ്

**തിരുവിഴാം കുന്ന്:** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സക്കാത്ത് ക്ലാസിൽ മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് അധ്യക്ഷതവഹിച്ചു. മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ് ക്ലാസെടുക്കുകയും സദസ്യരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. തുടക്കത്തിൽ അഹ്മദ് കുട്ടി സാഹിബ് തിലാവത്ത് നിർവഹിച്ചു.

**അലനല്ലൂർ:** ജമാഅത്തിൽ സംഘടിപ്പിച്ച സക്കാത്ത് ക്ലാസിൽ മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ് ക്ലാസെടുത്തു. പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ് അധ്യക്ഷം വഹിച്ചു. മൗ. പി.എ. ഗുലാം അഹ്മദ് സാഹിബ് തിലാവത്ത് നിർവഹിച്ചു.

## സീറത്തുന്നബിയോഗവും തബ്‌ലീഗും

**ഒറ്റപ്പാലം**: ചേലക്കര ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 20ന് ഒറ്റപ്പാലം കേന്ദ്രീകരിച്ച് രാവിലെ മുതൽ തബ്‌ലീഗും വൈകിട്ട് ബസ്സ്റ്റാന്റ് ഓഡിറ്റോറിയത്തിൽ സീറത്തുനബി യോഗവും സംഘടിപ്പിച്ചു. തബ്‌ലീഗ് പ്രവർത്തനങ്ങൾക്ക് ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി എ. ബശീർ അഹ്മദ് സാഹിബും, ഖാഇദ് കെ.എൻ ശഹീർ അഹ്മദ് സാഹിബും നേതൃത്വം നൽകി. വൈകിട്ട് ബുക്സ്റ്റാളും സംഘടിപ്പിച്ചിരുന്നു.

സീറത്തുനബിയോഗം പാലക്കാട്ട് തൃശൂർ മേഖലാ അമീർ പ്രൊഫ. അബ്ദുൽ കരീം സാഹിബിന്റെ അധ്യക്ഷതയിൽ മൗ. ഗുലാം അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. മൗലവി. മുള്ളൂർക്കര മുഹമ്മദുണ്ണി സാഹിബ് ഖസീദ ആലപിച്ചു.

മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ എന്നിവർ പ്രസംഗിച്ചു. പ്രസിഡണ്ട് സി. നാസിർ അഹ്മദ് സാഹിബ് സ്വാഗതവും, ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി എ. ബശീർ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു.



## ഖുർആൻ സമ്മാനിച്ചു

**കണ്ണൂർ ടൗൺ:** കണ്ണൂർ ഡി.വൈ.എസ്.പി, എസ് ഐ. എന്നിവർക്ക് പ്രാദേശിക ജമാഅത്ത്വക വിശുദ്ധഖുർആനും മറ്റ് സാഹിത്യങ്ങളും ഉപഹാരമായി സമർപ്പിച്ചു.
മേഖലാ ഇൻചാർജ് മൗലവി. കെ. അബ്ദുസ്സലാം സാഹിബും, കണ്ണൂർ ടൗൺ ദഅ്‌വത്തെ ഇലല്ലാഹ് സെക്രട്ടറി റാസിഖ് അഹ്മദ് സാഹിബ്, സെക്രട്ടറി. ഉമൂർ ഖാരിജ, അഹ്മദ് സാഹിബ് എന്നിവർ നേതൃത്വം നൽകി.

## ഫോട്ടോ പ്രദർശനം

**കണ്ണൂർ**: മേഖലാ ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ ഫോട്ടോപ്രദർശനവും ബുക്‌സ്റ്റാളും സംഘടിപ്പിച്ചു. 7-ാം തിയ്യതി മേഖലാ അമീർ മൻസൂർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. മൂന്ന് ദിവസം നീണ്ടുനിന്ന ഈ പരിപാടി മൂവായിരത്തിലധികം ആളുകൾ വീക്ഷിക്കുകയുണ്ടായി.

## മെഡിക്കൽ ക്യാമ്പ്

**മാത്തോട്ടം:** പ്രാദേശിക ലജ്ന ഇമാഇല്ലാഹ് മാത്തോട്ടം എൽ.പി. സ്കൂളിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാപിൽ 250 രോഗികളെ ചികിൽസിച്ചു. ശിശുരോഗങ്ങളേയും, പല്ലിനേയും അധികരിച്ചാണ് ക്യാപ് നടത്തിയത്. മെഡിക്കൽ കോളേജിലെ 5 ഡോക്ടർമാർക്ക് പുറമേ ജമാഅത്തിലെ ഡേ. വസീം അഹ്മദ്, ഡോ. രഹ്ന എന്നിവരും രോഗികളെ പരിശോധിച്ചു. മൗലവി. എ. സഫർ അഹ്മദ് സാഹിബ് ദുഃആ ചെയ്തുകൊണ്ടാണ് ക്യാപ് ഉദ്ഘാടനം ചെയ്തത്.
ലജ്ന സംസ്ഥാന സദ്ർ സിദ്ദീഖ ബീബി സാഹിബ, ജമാഅത്ത് വൈസ് പ്രസിഡണ്ട് ജലീൽ അഹ്മദ് സാഹിബ്, സഈം ഐ. കെ. അഹ്മദ് കുട്ടി സാഹിബ് എന്നിവരും സംബന്ധിച്ചു.




മർക്കര മെഡിക്കൽ ക്യാമ്പ്

## മേഖലാ തബ്‌ലീഗ് തർബിയ്യത്ത്

**തിരൂർ:** മലപ്പുറം മേഖലാ തബ്‌ലീഗ് തർബിയ്യത്ത് പരിപാടിയിൽ ജില്ലാ ഖാഇദ് പി.പി. മുസദ്ദിഖ് അഹ്മദ് അധ്യക്ഷതവഹിച്ചു. അബ്ദുർറസാഖ് സാഹിബ് സ്വാഗതം പറഞ്ഞു. മേഖലാ മുബല്ലിഗ് പി. അബ്ദുൽനാസിർ സാഹിബ് ക്ലാസെടുത്തു. ഉച്ചക്ക് ശേഷം നടന്ന തബ്‌ലീഗിൽ 3 ഗ്രൂപ്പുകൾ പങ്കെടുത്തു. 75 വീടുകളിൽ സന്ദേശം എത്തിച്ചു. മേഖലാ സെക്രട്ടറി റസി അഹ്മദ് നേതൃത്വം നൽകി.

**കൽക്കുളം:** ജില്ലാ ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ കൽക്കുളം കാരപ്പറമ്പ് പ്രദേശങ്ങളിൽ തബ്‌ലീഗ് സംഘടിപ്പിച്ചു. 100 ൽ അധികം വീടുകൾ സന്ദർശിച്ചു 4 ഗ്രൂപ്പുകൾ പങ്കെടുത്തു.

## വഖാറെ അമൽ

**മഞ്ചേശ്വരം**: ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഖബർസ്ഥാനവും പരിസരവും വൃത്തിയാക്കി, ഖാഇദ് ഇർഫാൻ സാഹിബ്, സഈം അബ്ദുർറസാഖ് സാഹിബ് എന്നിവർ നേതൃത്വം നൽകി.
പത്തപ്പിരിയം: ഖുദ്ദാമുൽ അഹ്മദിയ്യാ മുബല്ലിഗ് ക്വാട്ടേർസ് വൈറ്റ്‌വാഷിംഗും പരിസരം ശുചീകരിക്കുകയും ചെയ്തു. 20 ഖാദിംകളും 5 അത്ഫാലും പങ്കെടുത്തു.




സാഗർ ബുക്സ്റ്റാൾ

## നബിദിനയോഗം

**കംബ്ലക്കാട്**: പ്രാദേശിക ജമാഅത്തിൽ സംഘടിപ്പിച്ച നബിദിന യോഗത്തിൽ മുഅല്ലിം നൗഷാദ് സാഹിബ്, ത്വാഹിർ അഹ്മദ് സാഹിബ്, സെക്ര. ഇസ്‌ലാഹോ ഇർശാദ് ആയ്യൂബ് സാഹിബ് എന്നിവർ പ്രസംഗിച്ചു. പ്രസിഡന്റ് ഡോ. അബ്ദുൽ കരീം സാഹിബ് അധ്യക്ഷം വഹിച്ചു.

## ബുക്സ്റ്റാൾ

**കണ്ണൂർ സിറ്റി:** പ്രാദേശിക ഖുദ്ദാമുൽ അഹ്മദിയ്യാ ആഴ്ചതോറും സ്റ്റേഡിയം കോർണറിൽ ബുക്സ്റ്റാൾ സംഘടിപ്പിച്ചു. മുബല്ലിഗ് മൗലവി. എൻ. ശഫീഖ് അഹ്മദ് സാഹിബ്, ഖാഇദ് നിഖാസ് അഹ്മദ് സാഹിബ് എന്നിവർ നേതൃത്വം നൽകി.

## തർബിയ്യത്ത് യോഗം

**ചുങ്കത്തറ** : ചുങ്കത്തറ ജമാഅത്ത് സംഘടിപ്പിച്ച തർബിയ്യത്ത് യോഗത്തിൽ ജോർജ് അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. മുഅല്ലിം സി. നാസിർ അഹ്മദ് സാഹിബ്, സഫറുല്ലാഹ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

## അന്ധവിദ്യാലയത്തിൽ ബഡ് വിതരണം

**മാത്തോട്ടം**: കുണ്ടായിത്തോട് അന്ധവിദ്യാലയത്തിൽ മാത്തോട്ടം മജ്. അൻസാറുല്ലാഹ് വക 25 ബഡ് വിതരണം ചെയ്തു. സഈം ഐ. കെ. അഹ്മദ് കുട്ടി സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോർപ്പറേഷൻ കൗൺസിലർ ഗിരിജ, സ്കൂൾ മാനേജർ ശഹീന, ആൾകേരള ബ്ലൈൻഡ് അസോസിയേഷൻ പ്രസിഡണ്ട് എന്നിവർ സംബന്ധിച്ചു.

## തബ്‌ലീഗ് യോഗം

**മധൂര**: മുഅല്ലിം എ.പി. നാസിർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ മൗലവി. കെ. മഹ്മൂദ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. മുഅല്ലിം എസ്.എം.എസ് നാസിർ സാഹിബ് തിലാവത്ത് നിർവഹിച്ചു.



ഒറ്റപ്പാലം ബുക്സ്റ്റാൾ

## വിശുദ്ധ ഖുർആൻ സമ്മാനം

**ഖാദിയാൻ:** 8 വയസിനുള്ളിൽ വിശുദ്ധ ഖുർആൻ മുഴുവൻ ഓതി പൂർത്തിയാക്കുന്ന അഹ്മദീ കുട്ടികൾക്ക് പ്രാദേശിക ഭാഷയിൽ തർജുമയുള്ള വിശുദ്ധ ഖുർആനും, സർട്ടിഫിക്കറ്റും നൽകുമെന്ന് അഡീ. നാസിർ തഅ്ലീമുൽ ഖുർആൻ ഭാരത് മൗലാനാ ബുർഹാൻ അഹ്മദ് സാഹിബ് സഫർ അറിയിച്ചു. സമ്മാനങ്ങൾ സംസ്ഥാന/മേഖലാതലത്തിൽ സംഘടിപ്പിക്കുന്ന ആമീൻ ചടങ്ങിൽവെച്ച് വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം അൽഹഖിനോട് പറഞ്ഞു.

# അത്ഫാൽ ക്യാമ്പ്

**കരുളായി:** ഏപ്രിൽ 15 മുതൽ 21 വരെ കരുളായിൽവെച്ച് മദ്ധ്യമേഖല അത്ഫാൽ ക്യാമ്പ് സംഘടിപ്പിക്കുന്നതാണെന്ന് മേഖല ഖാഇദ് ടി.കെ. മുഷ്താഖ് അഹ്മദ് സാഹിബ് അൽഹഖിനോട് പറഞ്ഞു.

മലപ്പുറം അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നതാണ്. വൈജ്ഞാനിക ക്ലാസുകളും വൈവിദ്ധ്യമാർന്ന മത്സര ഇനങ്ങളും ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കേരള ലജ്ന ഇമാഇല്ലാഹ് ഇജ്തിമാഅ് മെയ് 7,8 ന് എറണാകുളത്ത്

**എറണാകുളം:** കേരള ലജ്ന ഇമാഇല്ലായുടെയും നാസിറാത്തുൽ അഹ്മദിയായുടെയും വാർഷിക ഇജ്തിമാഅ് ഇൻശാ അല്ലാഹ് മെയ് 7,8 (ശനി, ഞായർ) തിയ്യതികളിൽ എറണാകുളം ടൗൺഹാളിൽ വെച്ച് നടത്തുവാൻ 27/11/2010 (ശനിയാഴ്ച) കേരള സ്റ്റേറ്റ് ലജ്ന സദർ സാഹിബയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസിഡന്റുമാരുടെ യോഗം ഐക്യകണ്ഠേന തീരുമാനിച്ചു.

ലക്ഷദ്വീപ് സഹോദരിമാരുടെ അപേക്ഷ പരിഗണിച്ചാണ് ഇപ്രാവശ്യം ഇജ്തിമാഅ് മേയിൽ നടത്തുന്നത്.

മെയ് 27ന് (ശനി) രാവിലെ 9.30 ന് പതാക ഉയർത്തലോടു കൂടി ആരംഭിക്കുന്ന പരിപാടികൾ ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതാണ്. ഇജ്തിമായിൽ അഖിലേന്ത്യ ലജ്ന സദർ ബുശ്റ പാശ സാഹിബ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുയോഗം (മത സൗഹാർദ്ദ സമ്മേളനം) തർബിയത്ത് ക്ലാസുകൾ, ലജ്ന - നാസിറാത്തുകളുടെ വിവിധ മത്സരങ്ങൾ, സ്റ്റേജിതര മത്സരങ്ങൾ, ക്വിസ് പരിപാടികൾ, ഫിഖ്ഹി മസായിൽ (ചോദ്യോത്തര സദസ്സ്) ദൃശ്യശ്രാവ്യ പരിപാടികൾ, എന്നിവ ഉണ്ടായിരിക്കുന്നതാണ്

ഇജ്തിമായിൽ പങ്കെടുക്കുന്നവർ താഴെ ചേർക്കുന്ന നിർദേശങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് സംസ്ഥാന സദർ സിദ്ദീഖ ബീബി സാഹിബ അഭ്യർത്ഥിച്ചു.

* നിർബന്ധമായും പർദ്ദ ധരിക്കേണ്ടതാണ്. ഈ കാര്യത്തിൽ മറ്റുള്ളവരുടെ ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും പാത്രമാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
* കുട്ടികൾ യോഗസ്ഥലത്ത് വെച്ച് കരയുകയോ, ബഹളമുണ്ടാക്കുകയോ ചെയ്യുമ്പോൾ അവരെ മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
* ചെറിയ കുട്ടികൾക്കുള്ള പാൽ, ബിസ്കറ്റ് മുതലായവ സമ്മേളന നഗരിയിലുള്ള കാന്റീനിൽ നിന്നും വില കൊടുത്ത് വാങ്ങാൻ കിട്ടുന്നതാണ്.
* ചുമർ പത്രികക്കാവശ്യമായ ചാർട്ട് പേപ്പർ ഒഴികെ പേനയും മറ്റു സാധനസാമഗ്രികളും കൊണ്ടുവരേണ്ടതാണ്.
* സമ്മേളനത്തിന് വരുന്നവർ വിരിപ്പും മറ്റത്യാവശ്യ സാധനങ്ങളും കൊണ്ടു വരണം.
* ടൗൺ ഹാളിലും, താമസസ്ഥലത്തും ടോയ്‌ലറ്റ്, ബാത്ത് റൂം എന്നിവ ഉപയോഗിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. കടലാസ്, തുണിക്കഷ്ണങ്ങൾ, പാഡുകൾ എന്നിവ ക്ലോസറ്റിൽ ഇടാതെ അവയ്ക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ വെയ്സ്റ്റ് ബാസ്കറ്റിൽ നിക്ഷേപിക്കുക.
* ആഭരണങ്ങൾ അണിയുന്നത് കഴിയുന്നതും ഒഴിവാക്കുക. ആഭരണം, പണം മുതലായവ നഷ്ടപ്പെട്ടാൽ സംഘാടകർ ഉത്തരവാദിയായിരിക്കുകയില്ല.
* സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് താമസിക്കാനായി കൊച്ചി, എറണാകുളം, കാക്കനാട് പള്ളികളിലും അടുത്തുള്ള വീടുകളിലും സൗകര്യം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.
* ലോഡ്ജുകളിൽ താമസിക്കാൻ ഉദ്ദേശിക്കുന്നവർ ഏപ്രിൽ 7ന് മുമ്പായി താഴെ കാണുന്ന വിലാസത്തിൽ പേരും ജമാഅത്തും അറിയിക്കേണ്ടതാണ്.

അയക്കേണ്ട വിലാസം
Rasiya Nasirudheen .c/o Nasirudheen
M/Warf ,Cochin Port Trust ,Cochin 3
Ph.No: 09400334182, 0944606848, 09447233463
Naseera Sahad (Phone no: 09567051180)


## തബ്‌ലീഗ് ക്ലാസ്

**കൊച്ചി:** ബൈബിൾ വിഷയങ്ങളെ അധികരിച്ച് പ്രാദേശിക ജമാഅത്തിൽ സംഘടിപ്പിച്ച തബ്‌ലീഗ് ക്ലാസിൽ പ്രസിഡണ്ട് ജെ. എച്ച്. നാസിർ സാഹിബ് ക്ലാസെടുത്തു. ജോസഫ് സ്വാദിഖ് സാഹിബ് അധ്യക്ഷം വഹിച്ചു.

## സന്ദർശനം

**മണ്ണാർക്കാട്:** ഖുദ്ദാം മധ്യമേഖലാ ഖാഇദ് ടി.കെ. മുഷ്താഖ് അഹ്മദ് സാഹിബ് മുറിയക്കണ്ണി അലനല്ലൂർ മണ്ണാർക്കാട്, പാലക്കാട് മജ്‌ലിസുകൾ സന്ദർശിച്ച് പ്രവർത്തനകൾ വിലയിരുത്തി.

## ആദരാഞ്ജലികൾ




**ഡോക്ടർ ഹാഫിസ് സാലിഹ് മുഹമ്മദ് അല്ലാഹ്ദീൻ സാഹിബ് മർഹൂം**

ഇന്ത്യയിലെ അറിയപ്പെടുന്ന ഖഗോള ശാസ്ത്രജ്ഞനായിരുന്ന **ഡോക്ടർ ഹാഫിസ് സാലിഹ് മുഹമ്മദ് അല്ലാഹ്ദീൻ സാഹിബ്** 2011 മാർച്ച് 20-ാം തിയ്യതി ഖാദിയാനിൽ വഫാത്തായി. മരിക്കുമ്പോൾ 79 വയസ്സ് പ്രായമായിരുന്നു. നിരവധി അന്തർ ദേശീയ ശാസ്ത്ര വേദികളിൽ ഇന്ത്യയെ പ്രതിനിധീകരിക്കാനും, ശാസ്ത്രജ്ഞരുടെ സംഘത്തെ നയിക്കാനും അവസരം ലഭിച്ചിട്ടുണ്ട്. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ നിർദ്ദേശ പ്രകാരമാണ് അദ്ദേഹം ശാസ്ത്ര മേഖലയിൽ പഠനം നടത്തിയത്.

2007 ൽ ഹ. മിയാൻ സാഹിബിന്റെ വിയോഗത്തെ തുടർന്ന്, സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ സദ്ർ (പ്രസിഡണ്ട്)ആയി ഹ. ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഇദ്ദേഹത്തെ നിയോഗിച്ചു.

ഖാദിയാൻ ജൽസയിൽ മിക്കവാറും എല്ലാ വർഷവും ദൈവാസ്തികൃത്തെക്കുറിച്ച് വിവിധ തലങ്ങളിൽ പ്രഭാഷണം നടത്തിയിട്ടുണ്ട്.

നേരത്തെ ഹൈദരാബാദ് പ്രാദേശിക അമീറും, ആന്ധ്രാപ്രദേശ് സംസ്ഥാന അമീറും ആയി സേവനമനുഷ്ടിച്ചിട്ടുണ്ട്. ദീർഘകാലമായി അഞ്ചുമൻ അഹ്മദിയ്യാ അംഗമായിരുന്നു. 1994 ൽ യു.കെ ജൽസയിൽ സൂര്യചന്ദ്രഗ്രഹണ ശതാബ്ദി പ്രഭാഷണം നടത്തുകയുണ്ടായി.


ആ മഹാമനുഷിയുടെ ഓർമകൾക്ക് മുന്നിൽ അൽഹഖ് ആദരാഞ്ജലികൾ അർപ്പിക്കുകയും അല്ലാഹു അദ്ദേഹത്തിന് സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകുകയും സന്തപ്ത കുടുംബത്തിനും ഭാരത ജമാഅത്തിനും സബ്റെ ജമീൽ നൽകുകയും, ജമാഅത്തിൽ അദ്ദേഹത്തിന്റെ വിടവ് എത്രയും വേഗം നികത്തുകയും ചെയ്യുമാറാകട്ടെ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നു. ഹുസൂർ തിരുമനസ് മാർച്ച് 25 ലെ ഖുത്ബയിൽ ഹാഫിസ് സാഹിബിനെ അനുസ്മരിക്കുകയുണ്ടായി. - പത്രാധിപസമിതി -

**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**

AL HAQ


VOL: 19, ISSUE:2
April 2011




# وَإِذَا السَّمَاءُ كُشِطَتْ ﴿١٢﴾ (81:10)


## - ആകാശത്തിന്റെ തോൽ ഉരിക്കപ്പെടുമ്പോൾ -

ഡോ. ഹാഫിസ് സാലിഹ് മുഹമ്മദ് അല്ലാഹ്ദീൻ സാഹിബ് മർഹൂം
(മുൻ സദ്ർ, സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ)



ക്രിസ്ത്വാബ്ദം 7-ാം നൂറ്റാണ്ടിൽ അറബികൾ വളരെ പ്രയത്നിച്ചുകൊണ്ട് ഖഗോളശാസ്ത്രം പഠിക്കുകയും ഉന്നതരായ ഖഗോള ശാസ്ത്രജ്ഞരാവുകയും ചെയ്തു. അവർ മുഖേന ബഗ്ദാദിലും, ഈജിപ്തിലും, സ്പെയ്നിലും, മൊറോക്കോയിലും വാനലോകം നിരീക്ഷിക്കുന്നത് പ്രധാന ജോലിയായി മാറി. അവർ നിരീക്ഷണ കേന്ദ്രങ്ങൾ (Observetories) ഉണ്ടാക്കി. നക്ഷത്ര ദൂരമാപക യന്ത്രം (Astro Lab) വളരെ പുരോഗതി പ്രാപിച്ചു.

- ഇക്കാലഘട്ടത്തിൽ യവന ഖഹോള ശാസ്ത്രജ്ഞനായിരുന്ന ടോളമി (Ptolemy) യുടെ Almagest



(അതായത് നക്ഷത്രങ്ങളുടെ (Planets) സ്ഥലങ്ങൾ എങ്ങിനെ നിർണയിക്കാം) ഏറെ പ്രസിദ്ധമായിരുന്നു. അറബികൾ ഇത് അറബിയിലേക്ക് വിവർത്തനം ചെയ്തു. അതിൽ പുരോഗതി നേടാൻ ഗണിത ശാസ്ത്രത്തിന്റെ പിൻബലവും അനിവാര്യമായിരുന്നു. അവർ ആൾജിബ്രാ കണ്ടുപിടിച്ചു.

- ഒരുപാട് സാങ്കേതിക പദങ്ങൾ ഖഗോള ശാസ്ത്രത്തിൽ ഇന്നും അറബി പദങ്ങളാണ് ഉപയോഗിക്കുന്നത്. ഉദാ: അൽമനാക് (Almanak) പഞ്ചാംഗം, സെനിത് (Zenith) ഖമധ്യം, നെയ്ദർ (Nadir) അധോഭാഗം

അതുപോലെ നക്ഷത്രങ്ങൾക്കും അറബിനാമങ്ങൾ ഉപയോഗിക്കുന്നു. Aldebaran, Altair, Betelgeeza, Rigel, vege....

- കമ്പ്യൂട്ടറിന്റെ വർത്തമാന കാലത്ത്, Algorithm വളരെയേറെ ഉപയോഗത്തിലുണ്ട്. അതിന്റെ അർഥം




കണക്കുകൂട്ടുന്ന മാർഗം (Calculate) എന്നാണ്.

- ഈ പദം സുപ്രസിദ്ധ മുസ്ലിം ഖഗോള ശാസ്ത്രജ്ഞനായ മുഹമ്മദ് ഇബ്നു മൂസാ അൽഖവാരിസ്മിയിൽ നിന്നാണ് വന്നത്.

ഇദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ ലാറ്റിൻ തർജുമയിൽ നിന്നാണ് യൂറോപ്യൻമാർ ഇന്ത്യയുടെ Number System ത്തെക്കുറിച്ച് അറിഞ്ഞത്.

- അൽബത്താമി, അൽബറൂണി, അൽഖവാനിസ്മി, ഉലൂഗ് ബേഗ് തുടങ്ങിയവർ സുപ്രസിദ്ധ മുസ്ലിം ഖഗോള ശാസ്ത്രജ്ഞന്മാരായിരുന്നു.





- അൽബത്താമിയുടെ ഗ്രന്ഥമായ Astronomicum മുഖേന ടോളമിയുടെ ഗ്രന്ഥത്തിലുള്ളതിനേക്കാളും കൃത്യം (Accurate) ആയി സൂര്യചന്ദ്രൻമാരുടേയും നക്ഷത്രങ്ങളുടേയും സ്ഥാനം മനസിലാക്കാൻ കഴിയും.

- 1838 ൽ ആണ് ആദ്യമായി നക്ഷത്രദൂരങ്ങൾ Trignometic Parellex മുഖേന മനസിലാക്കാൻ കഴിഞ്ഞത്.

- അങ്ങിനെ കണ്ടെത്തിയ നക്ഷത്രമാണ് 61 Cygni


- ഇത് ഒരുപാട് ദൂരെ സ്ഥിതിചെയ്യുന്നു. അതിൽ നിന്ന് വെളിച്ചം നമ്മുടെ അടുക്കൽ എത്താൻ 10 വർഷമെങ്കിലും വേണം.




- പ്രകാശം ഒരു സെക്കന്റിൽ 3 ലക്ഷം കിലോമീറ്റർ വേഗത്തിലാണ് സഞ്ചരിക്കുന്നത്.

- സൂര്യൻ നമ്മിൽനിന്നും 15 കോടി കിലോമീറ്റർ ദൂരെയാണ്.

- 61 Cygni സൂര്യനിൽ നിന്നും 15 കോടി കിലോമീറ്റർ ദൂരെയാണ്.





- ഇതിന് സൂര്യനേക്കാൾ 10 ലക്ഷം മടങ്ങ് വലിപ്പമുണ്ട്.

- ഇക്കാലഘട്ടത്തിൽ ദൂരെ ദൂരെയുള്ള ഗ്രഹങ്ങൾ / നക്ഷത്രങ്ങൾ എന്നിവയുടെ പഠനം വളരെ എളുപ്പമായിരിക്കുന്നു. (അവയിൽ നിന്ന് വെളിച്ചം ഭൂമിയിലെത്താൻ കോടിക്കണക്കിന് വർഷം വേണം.)

- ഭൂമിയിലുള്ള ടെലസ്കോപ്പ് കൂടാതെ ശൂന്യാകാശത്തിൽ Hubble Space Telescope ഉം കറങ്ങുന്നു.

- ഭൂമിയും ചന്ദ്രനും തമ്മിലുള്ള ശരാശരി ദൂരം (Mean Distance) 3,89,400 കി. മീ. ആണ്.




- ചന്ദ്രന്റേത് Elliptic Orbit (വർത്തുള ഭ്രമണപഥം, ദീർഘവൃത്തം)ആണ്.

- ഈ ദൂരത്തിൽ ഏറ്റക്കുറച്ചിലുകൾ സംഭവിക്കാറുണ്ട്.

-ഒരു മാസത്തിൽ 22,000 കി.മീ വ്യത്യാസം വരുന്നു.

- ഇത്രയും വലിയ ദൂരത്തിൽ ഒരു സെന്റീമീറ്ററിന് എന്ത് പ്രസക്തിയാണുള്ളത്?



-എന്നാൽ ഇന്ന്, Laser Ranging മുഖേന സെന്റീമീറ്ററിന്റെ വ്യത്യാസം പോലും കൃത്യമായി കണക്കാക്കാൻ കഴിയും

- സൂര്യനും ഭൂമിയും തമ്മിലുള്ള അകലം 93 ദശലക്ഷം മൈൽ അഥവാ 149 ദശലക്ഷം കിലോ മീറ്റർ ആണ്.

- ഭൂമിക്ക് സ്വന്തം അച്ചുതണ്ടിൽ ഒരിക്കൽ കറങ്ങാൻ ഒരു ദിവസം അഥവാ 23 മണിക്കൂറും 56 മിനിറ്റും വേണം.

- വിശുദ്ധ ഖുർആന്റെ പ്രവചനമായ ആകാശത്തിന്റെ തോൽ ഉരിക്കപ്പെടുമ്പോൾ അതായത് ഖഗോളശാസ്ത്രം അനിതര സാധാരണമായി പുരോഗതി പ്രാപിക്കുമെന്ന പ്രവചനം വളരെ മഹത്തായ രീതിയിൽ പുലർന്നു കൊണ്ടിരിക്കുന്നു.

(അവലംബം: ഖാദിയാൻ ജൽസാ പ്രഭാഷണം
ആശയാനുവാദം - എ. നാസിർ)

Chairman
Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad Karulai
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef Karulai
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale - circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad , for Majlis Khuddamul Ahmadiyya Kerala at Prameela Press,Calicut